167

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ദേശീയ ക്ഷീരവികസന ബോർഡ് ആക്റ്റ്, 1987

(1987-ലെ 37-ാം നമ്പർ ആക്റ്റ്)

(2000 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE NATIONAL DAIRY DEVELOPMENT BOARD ACT, 1987

**(Act No. 37 of 1987)**

**(As on 30th March, 2000)**

വില : 56 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
2011

## ആമുഖം

2000 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 1987-ലെ ദേശീയ ക്ഷീര വികസന ബോർഡ് ആക്റ്റ് (1987-ലെ 37-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2011 ജൂൺ 28-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 8-ാം നമ്പരായി 1 മുതൽ 26 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. രഘ്ബീർ സിംഗ്,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the National Dairy Development Board Act, 1987 (Act No. 37 of 1987) as on 30th March, 2000 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 8, dated 28th June, 2011 on pages 1 to 26.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (Act No. 50 of 1973) and on such publication it became the authoritative text of that Act in Malayalam.

DR. RAGHBIR SINGH,
***Secretary to the Government of India.***

3/4593/2011/S-2.

# ദേശീയ ക്ഷീരവികസന ബോർഡ് ആക്റ്റ്, 1987

(1987-ലെ 37-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

### അദ്ധ്യായം I

### പ്രാരംഭികം


| *വകുപ്പുകൾ* | | *പേജ്* |
|---|---|---|
| 1. | ചുരുക്കപ്പേരും പ്രാരംഭവും | 2 |
| 2. | ദേശീയ ക്ഷീരവികസന ബോർഡ് ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി പ്രഖ്യാപിക്കുന്നത് | 2 |
| 3. | നിർവ്വചനങ്ങൾ | 2 |


### അദ്ധ്യായം II

### ദേശീയ ക്ഷീരവികസന ബോർഡ്


| | | |
|---|---|---|
| 4. | ദേശീയ ക്ഷീരവികസന ബോർഡിന്റെ ഏകാംഗീകരണം | 4 |
| 5. | ഭാരതീയ ക്ഷീര കോർപ്പറേഷന്റെ സംരംഭങ്ങൾ ദേശീയ ക്ഷീരവികസന ബോർഡിൽ നിക്ഷിപ്തമാക്കലും ഭാരതീയ ക്ഷീര കോർപ്പറേഷന്റെ വിഘടനവും | 4 |
| 6. | ദേശീയ ക്ഷീരവികസന ബോർഡിന്റെ ഏകാംഗീകരണത്തിന്റെ പ്രഭാവം | 4 |
| 7. | നിയമ നടപടികൾക്ക് സംരക്ഷണം | 6 |


### അദ്ധ്യായം III

### ദേശീയ ക്ഷീരവികസന ബോർഡിന്റെ മാനേജ്മെന്റ്


| | | |
|---|---|---|
| 8. | ദേശീയ ക്ഷീരവികസന ബോർഡിന്റെ മാനേജ്മെന്റും അതിന്റെ ഡയറക്ടർ ബോർഡിന്റെ ഘടനയും | 6 |
| 9. | ചെയർമാന്റെയും ഡയറക്ടമാരുടെയും ഉദ്യോഗ കാലാവധി, സേവന വ്യവസ്ഥകൾ മുതലായവ | 7 |
| 10. | ബോർഡിന്റെ യോഗങ്ങൾ | 8 |
| 11. | ബോർഡിന്റെ ബിസിനസ് നടത്തിപ്പിന്റെ രീതി | 8 |
| 12. | മാനേജ്മെന്റ് കമ്മിറ്റികൾ | 9 |
| 13. | മാനേജ്മെന്റ് കമ്മിറ്റിയിലെ അംഗങ്ങളുടെ ബത്തകൾ മുതലായവ | 9 |
| 14. | മാനേജ്മെന്റ് കമ്മിറ്റി മുതലായവയിലേയ്ക്കുള്ള അധികാരികളുടെ പ്രത്യായോജനം | 9 |
| 15. | മുഴുവൻ സമയ ഡയറക്ടർമാർ മുതലായവർക്ക് അധികാരങ്ങൾ പ്രത്യായോജനം ചെയ്യൽ | 10 |


### അദ്ധ്യായം IV

### ദേശീയ ക്ഷീരവികസന ബോർഡിന്റെ അധികാരങ്ങളും ചുമതലകളും


| | | |
|---|---|---|
| 16. | ദേശീയ ക്ഷീരവികസന ബോർഡിൻെറ അധികാരങ്ങളും ചുമതലകളും | 10 |

അദ്ധ്യായം V

**ദേശീയ ക്ഷീരവികസന ബോർഡിൻെറ ഡയറക്ടർമാരെയും ജീവനക്കാരെയും സംബന്ധിച്ച വ്യവസ്ഥകൾ**


17. സംഘത്തിന്റെ ബോർഡിലെ അംഗങ്ങളെയും വിഘടനം ചെയ്യപ്പെട്ട കമ്പനിയുടെ ഡയറക്ടർമാരെയും സംബന്ധിച്ച വ്യവസ്ഥകൾ 14

18. സംഘത്തിന്റെയും വിഘടനം ചെയ്യപ്പെട്ട കമ്പനിയുടെയും ഓഫീസർമാരെയും മറ്റ് ജീവനക്കാരെയും സംബന്ധിച്ച വ്യവസ്ഥകൾ 14

19. പ്രവർത്തനത്തിൽ അങ്ങേയറ്റം കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ദേശീയ ക്ഷീരവികസന ബോർഡിന്റെ സംവിധാനം പുനഃസംഘടിപ്പിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുന്നതിനുള്ള ബോർഡിന്റെ അധികാരം 15

20. അധികപ്പറ്റായ ജീവനക്കാർ മുതലായവർക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച പദ്ധതികൾ 15

21. ജീവനക്കാരെ മാറ്റിയതിന് നഷ്ടപരിഹാരം നൽകേണ്ടതില്ലെന്ന് 16

22. പ്രോവിഡന്റ് ഫണ്ടും ഗ്രാറ്റുവിറ്റിയും ക്ഷേമനിധികളും മറ്റ് നിധികളും 16


അദ്ധ്യായം VI

**ധനകാര്യവും അക്കൗണ്ടുകളും ആഡിററും**


23. കടമെടുക്കാനുള്ള ബോർഡിന്റെ അധികാരങ്ങൾ 17

24. കേന്ദ്രസർക്കാരിനാലുള്ള ഗ്രാന്റുകളും വായ്പകളും 17

25. ഗ്രാന്റുകൾ, സംഭാവനകൾ മുതലായവ 17

26. ദേശീയ ക്ഷീരവികസന ബോർഡ് നിധി 17

27. അക്കൗണ്ടുകളും ബാലൻസ് ഷീറ്റും തയ്യാറാക്കൽ 18

28. ആഡിറ്റ് 18

29. റിപ്പോർട്ട് പാർലമെന്റ് മുൻപാകെ വയ്ക്കണമെന്ന് 19

30. കരാർ ചെയ്ത കാലാവധിക്ക് മുമ്പ് പണം തിരികെ നൽകണമെന്ന് ആവശ്യപ്പെടുന്നതിനുള്ള അധികാരം 19

31. ദേശീയ ക്ഷീരവികസന ബോർഡിനാൽ തേർച്ചകൾ പ്രാവർത്തികമാക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ 20


അദ്ധ്യായം VII

**പലവക**


32. നിയമനങ്ങളിലെ ന്യൂനത ബോർഡിന്റെ കൃത്യങ്ങൾ മുതലായവയെ അസാധുവാക്കുന്നതല്ലെന്ന് 20

33. ഉത്തമവിശ്വാസപൂർവ്വം ചെയ്ത കൃത്യങ്ങൾക്ക് സംരക്ഷണം 20

34. ഡയറക്ടർമാരുടെ ബാദ്ധ്യതാ വിമുക്തി 21

35. വിശ്വസ്തതയും രഹസ്യ പാലനവും സംബന്ധിച്ച ബാദ്ധ്യത 21

36. കൂടുതൽ ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും റിക്രൂട്ട്മെന്റ് 21

| | | |
|---|---|---|
| 37. | ലിക്വിഡേഷൻ കേന്ദ്ര സർക്കാരിന്റെ ഉത്തരവിൻകീഴിൽ മാത്രമെന്ന് | 21 |
| 38. | ചില അധികാരങ്ങളുടെ കേന്ദ്രസർക്കാരിനാലുള്ള പ്രത്യായോജനം ചെയ്യൽ | 21 |
| 39. | ആഡിറ്റർമാർക്കുള്ള പരിവർത്തന വ്യവസ്ഥകൾ | 22 |
| 40. | ചെയർമാനെയും ബോർഡിനെയും സംബന്ധിച്ച പരിവർത്തന വ്യവസ്ഥകൾ | 22 |
| 41. | മറ്റുള്ളവയുടെ മാനേജ്മെന്റും അവയ്ക്കുള്ള സഹായവും തുടരുമെന്ന് | 22 |
| 42. | മദർഡയറി ദേശീയ ക്ഷീരവികസന ബോർഡിന്റെ ഒരു സബ്സിഡിയറി യൂണിറ്റായിരിക്കുമെന്ന് | 22 |
| 43. | കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി കമ്പനികളുടെ രൂപവൽക്കരണം | 22 |
| 44. | ആദായത്തിൻമേലുള്ള നികുതിയിൽനിന്നും ഒഴിവാക്കൽ | 23 |
| 45. | റിട്ടേണുകൾ | 23 |
| 46. | സേവനകാര്യങ്ങളെ സംബന്ധിച്ച് പദ്ധതികളും റഗുലേഷനുകളും പൂർവ്വകാല പ്രാബല്യത്തോടെ ഉണ്ടാക്കുവാനുള്ള അധികാരം | 23 |
| 47. | ആക്ററിന് അധിപ്രഭാവമുണ്ടായിരിക്കുമെന്ന് | 23 |
| 48. | റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം | 23 |
| 49. | വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം | 24 |
| 50. | പദ്ധതികളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് | 24 |
| | പട്ടിക | 25 |

# ദേശീയ ക്ഷീരവികസന ബോർഡ് ആക്റ്റ്, 1987

(1987-ലെ 37-ാം നമ്പർ ആക്റ്റ്)

ഗുജറാത്ത് സംസ്ഥാനത്തുള്ള ദേശീയ ക്ഷീരവികസന ബോർഡ് എന്നറിയപ്പെടുന്ന സ്ഥാപനം ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി പ്രഖ്യാപിക്കുന്നതിനും, അതിന്റെ ഏകാംഗീകരണത്തിനും ആ ഏകാംഗീകൃത നികായം നിർവ്വഹിക്കേണ്ട ചുമതലകൾ രാജ്യം ഒട്ടാകെ കൂടുതൽ ഫലപ്രദമായി നിറവേററണമെന്ന ലക്ഷ്യത്തോടെ ഭാരതീയ ക്ഷീര കോർപ്പറേഷൻെറ സംരംഭങ്ങൾ ആ ഏകാംഗീകൃത നികായത്തിൽ നിക്ഷിപ്തമാക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതും ആനുഷംഗികമായതുമായ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുമുള്ള

ഒരു

ആക്റ്റ്

സംഘങ്ങൾ രജിസ്ട്രേഷൻ ആക്ററ്, 1860 (1860-ലെ 21)-ൻകീഴിൽ രൂപീകരിക്കപ്പെട്ടതും രജിസ്ററർ ചെയ്യപ്പെട്ടതുമായ ദേശീയ ക്ഷീരവികസന ബോർഡ്, ആനന്ദിൽ (ഗുജറാത്ത്) ഗ്രാമീണ ജനതയുടെ സാമ്പത്തിക വികസനത്തിനായി വികസിപ്പിച്ചെടുത്ത നയമായ സഹകരണത്തിന്റെ ഒരു നയം സ്വീകരിച്ചുകൊണ്ട് രാജ്യസേവനം നടത്തിക്കൊണ്ടിരിക്കുന്നതിനാലും, സഹകരണ ഉദ്യമം വഴി ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സുപ്രധാനമായ ഒരു പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നതിനാലും;

ദേശീയ ക്ഷീരവികസന ബോർഡിന്, അതിനെ ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമാക്കുന്നതിനും അതിനെ ഒരു ഏകാംഗീകൃത നികായമായി രൂപീകരിക്കുന്നതിനുമുള്ള ലക്ഷ്യങ്ങൾ ഉള്ളതിനാലും;

കമ്പനീസ് ആക്ററ്, 1956 (1956-ലെ 1)-ൻകീഴിൽ രജിസ്ററർ ചെയ്യപ്പെട്ടതും രൂപീകരിക്കപ്പെട്ടതുമായ ഭാരതീയ ക്ഷീര കോർപ്പറേഷന്റെ ചുമതലകളും ദേശീയ ക്ഷീര വികസന ബോർഡിന്റെ ചുമതലകളും പരസ്പര പൂരകവും പൊതുലക്ഷ്യത്തോടുകൂടിയതും ആയതിനാലും;

ദേശീയ ക്ഷീരവികസന ബോർഡിന് പ്രവർത്തനത്തിൽ ഇതുവരെ ഉണ്ടായിരുന്ന സ്വാതന്ത്ര്യവും പഴക്കവും അതിന്റെ ചുമതലകൾ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിനും രാജ്യസേവനത്തിൽ കൂടുതൽ ബൃഹത്തായതും വർദ്ധിച്ച പ്രാധാന്യത്തോടുമുള്ള ഒരു പങ്ക് വഹിക്കുന്നതിനും അതിനെ പ്രാപ്തമാക്കുമാറ് തുടർന്നും അതിന് ഉണ്ടായിരിക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും;

ഭാരതീയ ക്ഷീര കോർപ്പറേഷന്റെ സംരംഭങ്ങൾ ദേശീയ ക്ഷീരവികസന ബോർഡിൽ നിക്ഷിപ്തമാക്കേണ്ടതും ആ ഏകാംഗീകൃത നികായത്താലുള്ള കൂടുതൽ ഫലപ്രദമായ ഭരണനിർവ്വഹണത്തിനും ചുമതലകളുടെ നടത്തിപ്പിനും നിർവ്വഹണത്തിനും വ്യവസ്ഥ ചെയ്യുകയെന്ന ലക്ഷ്യത്തോടെ പ്രസ്തുത കോർപ്പറേഷനെ വിഘടിതമാക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തിയെട്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

*ചുരുക്കപ്പേരും പ്രാരംഭവും*

1. (1) ഈ ആക്ററിന് ദേശീയ ക്ഷീരവികസന ബോർഡ് ആക്ററ്, 1987 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് കേന്ദ്രസർക്കാർ ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

*ദേശീയ ക്ഷീരവികസന ബോർഡ് ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി പ്രഖ്യാപിക്കുന്നത്*

2. ഗുജറാത്ത് സംസ്ഥാനത്ത് ആനന്ദിലുള്ള ദേശീയ ക്ഷീരവികസന ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആ സ്ഥാപനത്തെ ദേശീയപ്രാധാന്യമുള്ള ഒന്നാക്കത്തക്കതായിരിക്കുന്നതിനാൽ ദേശീയ ക്ഷീരവികസന ബോർഡിനെ ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.

*നിർവ്വചനങ്ങൾ*

3. ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "നിശ്ചിത ദിവസം" എന്നാൽ ഈ ആക്ററിന്റെ പ്രാരംഭ തീയതി എന്നർത്ഥമാകുന്നു;

(ഖ) "ബോർഡ്" എന്നാൽ ദേശീയ ക്ഷീരവികസന ബോർഡിന്റെ ഡയറക്ടർ ബോർഡ് എന്നർത്ഥമാകുന്നു;

(ഗ) "ചെയർമാൻ" എന്നാൽ ദേശീയ ക്ഷീരവികസന ബോർഡിന്റെ ചെയർമാൻ എന്നർത്ഥമാകുന്നു;

(ഘ) "കമ്പനീസ് ആക്ററ്" എന്നാൽ കമ്പനീസ് ആക്ററ്, 1956 (1956-ലെ 1) എന്നർത്ഥമാകുന്നു;

(ങ) "ഡയറക്ടർ"എന്നതിന് ദേശീയ ക്ഷീരവികസന ബോർഡിന്റെ ഒരു ഡയറക്ടർ എന്നർത്ഥമാകുന്നതും അതിൽ ചെയർമാൻ ഉൾപ്പെടുന്നതുമാകുന്നു;

(ച) "ഭക്ഷ്യവസ്തുക്കൾ" എന്നാൽ അവശ്യസാധനങ്ങൾ ആക്ററ്, 1955 (1955-ലെ 10)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡത്തിൽ അടങ്ങിയിട്ടുള്ള അവശ്യസാധനങ്ങളുടെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള അങ്ങനെയുള്ള ഭക്ഷ്യവസ്തുക്കൾ എന്നർത്ഥമാകുന്നു;

(ഛ) "ഭാരതീയ ക്ഷീരകോർപ്പറേഷൻ" എന്നാൽ കമ്പനീസ് ആക്ററിൻകീഴിൽ രൂപീകരിക്കപ്പെട്ടതും രജിസ്ററർ ചെയ്യപ്പെട്ടതും ഗുജറാത്ത് സംസ്ഥാനത്തെ ബറോഡയിൽ രജിസ്റേറഡ് ഓഫീസ് ഉള്ളതുമായ ഭാരതീയ ക്ഷീര കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(ജ) "ക്ഷീരോൽപന്നം" എന്നാൽ,—

(i) ജീവാണുരഹിതമാക്കിയതോ, മാനകീകൃതമാക്കിയതോ, പുനഃസംയോജനം ചെയ്തതോ, ടോൺ ചെയ്തതോ ഡബിൾ ടോൺ ചെയ്തതോ, കൊഴുപ്പ് നീക്കിയതോ, ഫ്ളേവർ ചെയ്തതോ, അമ്ലീകരിച്ചതോ ആയ പാൽ;

(ii) ഐസ്ക്രീം;

(iii) ക്രീം;

(iv) ചീസ്;

(v) വെണ്ണ;

(vi) പാൽപ്പൊടികൾ;

(vii) പാല് ചേർന്ന വീനിംഗ് ആഹാരവും ശിശുക്കൾക്കുള്ള ക്ഷീരാഹാരവും;

(viii) കൊക്കോ പൗഡർ ചേർത്തതോ ചേർക്കാത്തതോ ആയ മാൾട്ടഡ് ക്ഷീരാഹാരങ്ങൾ;

(ix) നെയ്യ്;

(x) നിർജല ക്ഷീരകൊഴുപ്പും ബട്ടർ ഓയിലും;

(xi) കെയ്സീൻ;

(xii) പാലോ മുകളിൽ പറഞ്ഞിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ ക്ഷീരോൽപന്നമോ അടങ്ങിയിട്ടുള്ള, കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഇതിലേക്ക് വിനിർദ്ദേശിക്കാവുന്ന മറ്റേതെങ്കിലും ഉൽപന്നം,

എന്നർത്ഥമാകുന്നു;

(ഝ) "ദേശീയ ക്ഷീരവികസന ബോർഡ്" എന്നാൽ നാലാം വകുപ്പിൻകീഴിൽ ഏകാംഗീകരിക്കപ്പെട്ട ദേശീയ ക്ഷീരവികസന ബോർഡ് എന്നർത്ഥമാകുന്നു;

(ഞ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെട്ട റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ട) ദേശീയ ക്ഷീര വികസന ബോർഡിന്റെ സംഘടനാപരവും പ്രവർത്തനപരവുമായ സംവിധാനത്തെ സംബന്ധിച്ചിടത്തോളം പുനഃസംഘടിപ്പിക്കലും പ്രവർത്തനകാര്യക്ഷമത വരുത്തലും എന്നതിൽ,—

(i) യൂണിററുകളോ ഓഫീസുകളോ ആരംഭിക്കുകയോ അടച്ചിടുകയോ ചെയ്യുന്നതും;

(ii) സംഘടനാപരവും പ്രവർത്തനപരവുമായ സംവിധാനത്തിന്റെ പുതുക്കലും;

(iii) ആവശ്യമായ സ്ററാഫിനെ പ്രഖ്യാപിക്കുന്നതും;

(iv) തസ്തികകളുടെ ഏകീകരണവും സീനിയോറിററിയും ശമ്പളസ്കെയിലും നിശ്ചയിക്കുന്നതും;

(v) പുതുക്കിയ സംവിധാനത്തിന് ആവശ്യമായ ഉദ്യോഗസ്ഥൻമാരുടെ ഏകീകരണവും അതിലേക്കുള്ള നിയമന ഉത്തരവുകളുടെ പുറപ്പെടുവിക്കലും;

(vi) തസ്തികകളോടനുബന്ധിച്ച കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും പ്രഖ്യാപിക്കുകയോ അവയുടെ പരിധി നിർണ്ണയിക്കുകയോ ചെയ്യുന്നതും;

(vii) മറ്റൊന്നിനോട് തുല്യമായ തസ്തികകൾ പ്രഖ്യാപിക്കുന്നതും;

(viii) ദേശീയ ക്ഷീരവികസന ബോർഡിന്റെ സംഘടനാപരമോ പ്രവർത്തനപരമോ ആയ ആവശ്യങ്ങൾ നേരിടുന്നതിന് ആവശ്യകമോ സമീചീനമോ ആയേക്കാവുന്ന മറ്റേതെങ്കിലും സംഗതിയും,

ഉൾപ്പെടുന്നതാകുന്നു;

(ഠ) "സംഘം" എന്നാൽ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 (1860-ലെ 21)-ൻകീഴിൽ രൂപീകരിക്കപ്പെട്ടതും രജിസ്ററർ ചെയ്യപ്പെട്ടതും നിശ്ചിത ദിവസത്തിന് തൊട്ടുമുൻപ് ആ നിലയിൽ പ്രവർത്തിച്ചിരുന്ന ഒരു സംഘമായ ദേശീയ ക്ഷീരവികസന ബോർഡ് എന്നർത്ഥമാകുന്നു;

(ഡ) ഇതിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും, എന്നാൽ കമ്പനീസ് ആക്ററിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും അവയ്ക്ക് യഥാക്രമം ആ ആക്ററിൽ കൊടുത്തിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## ദേശീയ ക്ഷീരവികസന ബോർഡ്

*ദേശീയ ക്ഷീരവികസന ബോർഡിന്റെ ഏകാംഗീകരണം*

4. (1) ദേശീയ ക്ഷീരവികസന ബോർഡ് അതേ നാമത്തിലുള്ള ഒരു ഏകാംഗീകൃത നികായമായി ഇതിനാൽ രൂപീകരിക്കപ്പെട്ടിരിക്കുകയും അങ്ങനെയുള്ള ഏകാംഗീകൃത നികായത്തിന്, ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി, വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈയൊഴിയുന്നതിനും കോൺട്രാക്ററിൽ ഏർപ്പെടുന്നതിനുമുള്ള അധികാരത്തോടുകൂടി ശാശ്വതമായ പിൻതുടർച്ചാവകാശവും ഒരു പൊതുമുദ്രയും ഉണ്ടായിരിക്കുന്നതും ആ നാമത്തിൽ അത് വ്യവഹരിക്കുകയോ അതിനെതിരായി വ്യവഹാരം ബോധിപ്പിക്കുകയോ ചെയ്യാവുന്നതുമാണ്.

(2) ദേശീയ ക്ഷീരവികസന ബോർഡിന്റെ ഹെഡ്ഡാഫീസ് ഗുജറാത്ത് സംസ്ഥാനത്തുള്ള ആനന്ദിലായിരിക്കുന്നതാണ്.

(3) ദേശീയ ക്ഷീരവികസന ബോർഡിന് ഭാരതത്തിനകത്തോ പുറത്തോ ആവശ്യമെന്ന് അത് കരുതാവുന്ന സ്ഥലങ്ങളിൽ യൂണിററുകളോ, ഓഫീസുകളോ, ശാഖകളോ, ഏജൻസികളോ സ്ഥാപിക്കാവുന്നതാണ്.

*ഭാരതീയ ക്ഷീര കോർപ്പറേഷന്റെ സംരംഭങ്ങൾ ദേശീയ ക്ഷീരവികസന ബോർഡിൽ നിക്ഷിപ്തമാക്കലും ഭാരതീയ ക്ഷീര കോർപ്പറേഷന്റെ വിഘടനവും*

5. (1) നിശ്ചിത ദിവസവും അന്നുമുതൽക്കും ഈ ആക്ററിലെ മററ് വ്യവസ്ഥകൾക്ക് വിധേയമായി ഭാരതീയ ക്ഷീര കോർപ്പറേഷന്റെ എല്ലാ സംരംഭങ്ങളും ദേശീയ ക്ഷീരവികസന ബോർഡിലേക്ക് മാററപ്പെടുകയും അതിൽ നിക്ഷിപ്തമാകുകയും ചെയ്യുന്നതാണ്.

(2) കമ്പനീസ് ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നിശ്ചിത ദിവസവും അന്നുമുതൽക്കും ഭാരതീയ ക്ഷീരകോർപ്പറേഷൻ ഈ ആക്ററിലെ വ്യവസ്ഥകളുടെ ബലത്തിൽ വിഘടനം ചെയ്തതായി കരുതപ്പെടുന്നതാണ്.

*ദേശീയ ക്ഷീരവികസന ബോർഡിന്റെ ഏകാംഗീകരണത്തിന്റെ പ്രഭാവം*

6. നിശ്ചിതദിവസവും അന്നുമുതൽക്കും,—

(ക) സംഘത്തിന്റെയോ ഭാരതീയ ക്ഷീരകോർപ്പറേഷന്റെയോ (ഇതിനു ശേഷം വിഘടിതമാക്കപ്പെട്ട കമ്പനിയെന്നാണ് പരാമർശിക്കപ്പെടുക) അല്ലെങ്കിൽ അവയ്ക്കുള്ളതോ ആയ ജംഗമമോ സ്ഥാവരമോ ആയ എല്ലാ സ്വത്തുക്കളും ആസ്തികളും ദേശീയ ക്ഷീരവികസന ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്;

(ഖ) സംഘത്തിന്റെയും ഭാരതീയ ക്ഷീരകോർപ്പറേഷന്റെയും എല്ലാ അവകാശങ്ങളും, കടങ്ങളും, ബാദ്ധ്യതകളും, പലിശകളും വിശേഷാവകാശങ്ങളും, കടപ്പാടുകളും ദേശീയ ക്ഷീരവികസന ബോർഡിലേക്ക് മാററപ്പെടുകയും ദേശീയ ക്ഷീരവികസന ബോർഡിന്റെ അവകാശങ്ങളും കടങ്ങളും ബാദ്ധ്യതകളും പലിശകളും വിശേഷാവകാശങ്ങളും കടപ്പാടുകളുമായിത്തീരുകയും ചെയ്യുന്നതാണ്;

(ഗ) (ഖ) ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് ഭംഗം കൂടാതെ, നിശ്ചിത ദിവസത്തിന് തൊട്ടുമുൻപ് സംഘമോ വിഘടിതമാക്കപ്പെട്ട കമ്പനിയോ അവയുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് അവയ്ക്ക് നേരിട്ട എല്ലാ കടങ്ങളും, ബാദ്ധ്യതകളും, കടപ്പാടുകളും, അവയാലോ അവയുമായോ അവയ്ക്കുവേണ്ടിയോ ഏർപ്പെട്ട എല്ലാ കോൺട്രാക്ററുകളും നടത്താൻ ഏർപ്പെട്ട എല്ലാ കാര്യങ്ങളും സംഗതികളും ദേശീയ ക്ഷീരവികസന ബോർഡിന് നേരിട്ടതോ, ദേശീയ ക്ഷീരവികസന ബോർഡാലോ അതുമായോ അതിനുവേണ്ടിയോ ഏർപ്പെട്ടതോ നടത്താൻ ഏർപ്പെട്ടതോ ആയി കരുതപ്പെടേണ്ടതാണ്;

(ഘ) നിശ്ചിത ദിവസത്തിന് തൊട്ടുമുൻപ് സംഘത്തിനും വിഘടിതമാക്കപ്പെട്ട കമ്പനിക്കും ലഭിക്കേണ്ട എല്ലാ തുകകളും ബോർഡിന് ലഭിക്കേണ്ടതായി കരുതപ്പെടേണ്ടതാണ്;

(ങ) സംഘത്തിന്റെയും വിഘടിതമാക്കപ്പെട്ട കമ്പനിയുടെയും ഓരോ സബ്സിഡിയറിയും ദേശീയ ക്ഷീരവികസന ബോർഡിന്റെ സബ്സിഡിയറിയായിത്തീരുന്നതാണ്;

(ച) നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പ്, അതതു സംഗതിപോലെ, സംഘമോ അല്ലെങ്കിൽ വിഘടിതമാക്കപ്പെട്ട കമ്പനിയോ മാനേജ് ചെയ്തിരുന്ന ഓരോ സംഘടനയും സാഹചര്യങ്ങൾ ആവശ്യപ്പെടുന്ന അങ്ങനെയുള്ള കാലയളവിലേക്കും അങ്ങനെയുള്ള വ്യാപ്തിയോളവും അങ്ങനെയുള്ള രീതിയിലും ദേശീയ ക്ഷീരവികസന ബോർഡ് മാനേജ് ചെയ്യേണ്ടതാണ്;

(ഛ) നിശ്ചിത ദിവസത്തിന് തൊട്ടുമുൻപ് സംഘത്തിൽനിന്നോ അല്ലെങ്കിൽ വിഘടിതമാക്കപ്പെട്ട കമ്പനിയിൽനിന്നോ ധനപരമോ മാനേജ്മെൻറ് സംബന്ധിച്ചതോ സാങ്കേതികമോ ആയ സഹായം ലഭിച്ചുകൊണ്ടിരുന്ന ഓരോ സംഘടനയ്ക്കും, അതതു സംഗതിപോലെ, ധനപരമോ മാനേജ്മെൻറ് സംബന്ധിച്ചോ സാങ്കേതികമോ ആയ സഹായം, ദേശീയ ക്ഷീരവികസന ബോർഡിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള കാലയളവിലേക്കും വ്യാപ്തിയോളവും അങ്ങനെയുള്ള രീതിയിലും ദേശീയ ക്ഷീരവികസന ബോർഡ് തുടർന്നും ലഭ്യമാക്കേണ്ടതാണ്;

(ജ) വിഘടിതമാക്കപ്പെട്ട കമ്പനിയുടെ മൂലധനത്തെ പ്രതിനിധാനം ചെയ്യുന്ന തുക ദേശീയ ക്ഷീരവികസന ബോർഡിൻെറ നിധിയുടെ ഭാഗമായിത്തീരുന്നതാണ്;

(ഝ) ഈ ആക്ററിലല്ലാതെ മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോൺട്രാക്ററിലോ അല്ലെങ്കിൽ മററ് പ്രമാണത്തിലോ, അതതു സംഗതിപോലെ, സംഘത്തെയോ അല്ലെങ്കിൽ വിഘടിതമാക്കപ്പെട്ട കമ്പനിയെയോ സംബന്ധിച്ച ഏതെങ്കിലും പരാമർശം ദേശീയ ക്ഷീരവികസന ബോർഡിനെ സംബന്ധിച്ച പരാമർശമായി കരുതപ്പെടേണ്ടതാണ്.

*നിയമ നടപടികൾക്ക് സംരക്ഷണം*

7. നിശ്ചിത ദിവസം സംഘത്താലോ അല്ലെങ്കിൽ വിഘടിതമാക്കപ്പെട്ട കമ്പനിയാലോ അല്ലെങ്കിൽ അവയ്ക്കെതിരായോ ഏതെങ്കിലും വ്യവഹാരമോ മാദ്ധ്യസ്ഥമോ അപ്പീലോ അല്ലെങ്കിൽ ഏതുതരത്തിലുള്ള മറ്റു നിയമനടപടികളോ നിലവിലുള്ളപക്ഷം, അതതു സംഗതിപോലെ, നാലാം വകുപ്പിൻകീഴിൽ ദേശീയ ക്ഷീരവികസന ബോർഡ് ഏകാംഗീകരിക്കപ്പെടുകയോ അല്ലെങ്കിൽ അഞ്ചാം വകുപ്പിൻകീഴിൽ ഭാരതീയ ക്ഷീരകോർപ്പറേഷൻ വിഘടിതമാക്കപ്പെടുകയോ ചെയ്ത കാരണംകൊണ്ട് അവ ഉപശമിക്കുകയോ തുടരാതിരിക്കുകയോ അല്ലെങ്കിൽ അവയെ ഏതെങ്കിലും വിധത്തിൽ പ്രതികൂലമായി ബാധിക്കുകയോ ചെയ്യുന്നതല്ലാത്തതും, എന്നാൽ ആ വ്യവഹാരമോ മാദ്ധ്യസ്ഥമോ അപ്പീലോ അല്ലെങ്കിൽ മററ് നടപടികളോ ഈ ആക്ററ് പാസ്സാക്കിയിട്ടില്ലായിരുന്നെങ്കിൽ, അതതു സംഗതിപോലെ, സംഘത്താലോ അല്ലെങ്കിൽ വിഘടിതമാക്കപ്പെട്ട കമ്പനിയാലോ അല്ലെങ്കിൽ അവയ്ക്കെതിരായോ തുടരുകയും നടപടിയെടുക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുമായിരുന്നതോ ചെയ്യാമായിരുന്നതോ ആയ അതേ രീതിയിലും അതേ വ്യാപ്തിയോളവും ദേശീയ ക്ഷീരവികസന ബോർഡിനാലോ അതിനെതിരായോ തുടരുകയും നടപടിയെടുക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതാണ്.

## അദ്ധ്യായം III

## ദേശീയ ക്ഷീരവികസന ബോർഡിൻെറ മാനേജ്മെൻറ്

*ദേശീയ ക്ഷീരവികസന ബോർഡിന്റെ മാനേജ്മെൻറും അതിന്റെ ഡയറക്ടർ ബോർഡിന്റെ ഘടനയും*

8. (1) ദേശീയ ക്ഷീരവികസന ബോർഡിന്റെ സാമാന്യ മേൽനോട്ടവും നിർദ്ദേശവും നിയന്ത്രണവും കാര്യങ്ങളുടെയും ബിസിനസ്സിൻെറയും മാനേജ്മെൻറും ഒരു ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമാകുന്നതും, അത് ദേശീയ ക്ഷീരവികസന ബോർഡ് വിനിയോഗിക്കുകയോ നടത്തുകയോ ചെയ്യുമായിരുന്ന എല്ലാ അധികാരങ്ങളും എല്ലാ കാര്യങ്ങളും വിനിയോഗിക്കുകയോ നടത്തുകയോ ചെയ്യേണ്ടതുമാണ്.

(2) ദേശീയ ക്ഷീരവികസന ബോർഡ് താഴെ പറയുന്നവർ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(ക) ഒരു ചെയർമാൻ;

(ഖ) കേന്ദ്രസർക്കാരിന്റെ ഉദ്യോഗസ്ഥൻമാരുടെയിടയിൽനിന്നുള്ള ഒരു ഡയറക്ടർ;

(ഗ) സംസ്ഥാന സഹകരണ ക്ഷീര ഫെഡറേഷനുകളുടെ ചെയർമാൻമാരുടെയിടയിൽനിന്നുള്ള രണ്ട് ഡയറക്ടർമാർ;

(ഘ) ദേശീയ ക്ഷീരവികസന ബോർഡിന്റെ ഏററവും ഉയർന്ന ഗ്രേഡിലുള്ള എക്സിക്യൂട്ടീവുകളുടെ ഇടയിൽനിന്നുള്ള മൂന്നു പേരിൽ കവിയാത്ത മുഴുവൻ സമയ ഡയറക്ടർമാർ;

(ങ) ദേശീയ ക്ഷീരവികസന ബോർഡിന് വെളിയിൽ നിന്നുള്ള ഒരു ഡയറക്ടർ, അദ്ദേഹം ഒരു വിദഗ്ദ്ധനായിരിക്കേണ്ടതാണ്.

(3) ചെയർമാനെയും (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിച്ച ഡയറക്ടറെയും കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും (2)-ാം ഉപവകുപ്പ് (ഗ)യും (ഘ)യും (ങ)യും ഖണ്ഡങ്ങളിൽ പരാമർശിച്ച ഡയറക്ടർമാരെ കേന്ദ്രസർക്കാർ ചെയർമാനുമായി കൂടിയാലോചിച്ച് നാമനിർദ്ദേശം ചെയ്യേണ്ടതുമാണ്:

എന്നാൽ, ചെയർമാനും (2)-ാം ഉപവകുപ്പ് (ങ) ഖണ്ഡത്തിൽ പരാമർശിച്ച ഡയറക്ടറും ഒന്നോ അതിലധികമോ പ്രത്യേക വിഷയങ്ങളിൽ വൃത്തിപരമായ യോഗ്യതയുള്ള ആളുകളായിരിക്കേണ്ടതാണ്. അതായത്, ക്ഷീരവ്യവസായം, മൃഗസംരക്ഷണം, ഗ്രാമീണ ധനതത്വശാസ്ത്രം, ഗ്രാമവികസനം, ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ അല്ലെങ്കിൽ ബാങ്കിംഗ്.

*(4) ബോർഡിന്, ഈ ആക്ററിലെ വ്യവസ്ഥകളിലേതെങ്കിലും* അനുസരിക്കുന്നതിന് ഏതൊരാളുടെ സഹായമോ ഉപദേശമോ ആണ് അത് ആഗ്രഹിക്കുന്നത് അങ്ങനെയുള്ള ഏതെങ്കിലും ആളെ അത് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിബന്ധനകളിൻമേലും അങ്ങനെയുള്ള ആവശ്യങ്ങൾക്കും അതുമായി കൂട്ടുചേർക്കാവുന്നതും അങ്ങനെ കൂട്ടുചേർക്കപ്പെട്ട ഒരാൾക്ക് അയാൾ ഏത് ആവശ്യത്തിനാണ് കൂട്ടുചേർക്കപ്പെട്ടത് ആ ആവശ്യത്തിന് പ്രസക്തമായ, ബോർഡിന്റെ ചർച്ചകളിൽ പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതും എന്നാൽ വോട്ടു ചെയ്യാൻ അധികാരമില്ലാതിരിക്കുന്നതുമാണ്.

*ചെയർമാന്റെയും ഡയറക്ടർമാരുടെയും ഉദ്യോഗകാലാവധി, സേവനവ്യവസ്ഥകൾ മുതലായവ*

9. (1) ചെയർമാൻ ദേശീയ ക്ഷീരവികസന ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആയിരിക്കുന്നതും അദ്ദേഹം കേന്ദ്രസർക്കാർ നിശ്ചയിക്കാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതും അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതെങ്കിലും ആൾ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുവാൻ യോഗ്യതയുള്ളവനായിരിക്കുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്ര സർക്കാരിന്, ആ ഉപവകുപ്പിൻകീഴിൽ നിശ്ചയിച്ച കാലയളവിന് മുൻപ് ഏതു സമയത്തും മൂന്നുമാസത്തിൽ കുറയാത്ത ലിഖിതമായ നോട്ടീസോ അല്ലെങ്കിൽ അതിനു പകരം മൂന്നുമാസത്തെ ശമ്പളവും ബത്തകളുമോ ചെയർമാന് നൽകിക്കൊണ്ട് അദ്ദേഹത്തിന്റെ സേവനം അവസാനിപ്പിക്കാവുന്നതും ആ ഉപവകുപ്പിൽ വിനിർദ്ദേശിച്ച കാലാവധി തീരുന്നതിന് മുൻപ് ഏതു സമയത്തും മൂന്നു മാസത്തിൽ കുറയാത്ത ലിഖിതമായ നോട്ടീസ് കേന്ദ്ര സർക്കാരിന് നൽകിക്കൊണ്ട് ചെയർമാനും തന്റെ ഉദ്യോഗം ഉപേക്ഷിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതുമാണ്.

(3) ചെയർമാന്, കേന്ദ്രസർക്കാർ നിശ്ചയിക്കാവുന്ന ശമ്പളവും ബത്തകളും ലഭിക്കുന്നതാണ്.

(4) ദേശീയ ക്ഷീരവികസന ബോർഡിന്റെ ഒരു എക്സിക്യൂട്ടീവ് 8-ാം വകുപ്പിൻകീഴിൽ അതിന്റെ മുഴുവൻ സമയ ഡയറക്ടറായി നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെയുള്ള നാമനിർദ്ദേശം ദേശീയ ക്ഷീര വികസന ബോർഡിൽ ഒരു എക്സിക്യൂട്ടീവായി അദ്ദേഹം തുടരുന്നതിന് ഭംഗംവരാത്ത വിധത്തിലായിരിക്കുന്നതും അദ്ദേഹം ഒരു ഡയറക്ടർ അല്ലാതായിത്തീരുന്നതിൻമേലും അദ്ദേഹത്തിന് അങ്ങനെയുള്ള എക്സിക്യൂട്ടീവായി തുടരാവുന്നതുമാണ്.

(5) 8-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, (ഗ) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഡയറക്ടർമാർ, കേന്ദ്രസർക്കാർ നിശ്ചയിക്കാവുന്ന ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതും 8-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഘ)യും (ങ) യും ഖണ്ഡങ്ങളിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഡയറക്ടർമാർ കേന്ദ്ര സർക്കാർ നിശ്ചയിക്കാവുന്ന കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതുമാണ്.

(6) ചെയർമാനല്ലാത്ത ഓരോ ഡയറക്ടറും കേന്ദ്രസർക്കാരിന് പ്രീതിയുള്ളിടത്തോളംകാലം ഉദ്യോഗം വഹിക്കേണ്ടതാണ്.

(7) 8-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഖ)യും, (ഗ)യും (ങ)യും ഖണ്ഡങ്ങളിൽ പരാമർശിച്ച ഡയറക്ടർമാർക്ക് കേന്ദ്രസർക്കാർ നിശ്ചയിക്കാവുന്ന ബത്തകൾ നൽകേണ്ടതാണ്.

*ബോർഡിന്റെ യോഗങ്ങൾ*

10. (1) ബോർഡ്, ദേശീയ ക്ഷീരവികസന ബോർഡിന്റെ ഹെഡ് ഓഫീസിലോ അല്ലെങ്കിൽ അതിന്റെ ഓഫീസുകളിലേതിലെങ്കിലുമോ ചെയർമാൻ നിർദ്ദേശിക്കാവുന്ന സമയങ്ങളിൽ യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിലെ കാര്യങ്ങളുടെ (അതിന്റെ യോഗത്തിലെ ക്വോറം ഉൾപ്പെടെ) നടത്തിപ്പിനെ സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന നടപടി ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

(2) ചെയർമാനോ, ബോർഡിന്റെ ഒരു യോഗത്തിൽ സന്നിഹിതനാകുവാൻ അദ്ദേഹത്തിന് കഴിയാത്തപക്ഷം ഈ ആവശ്യത്തിലേക്ക് ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന മറ്റേതെങ്കിലും ഡയറക്ടറോ, അങ്ങനെയുള്ള നാമനിർദ്ദേശത്തിന്റെ അഭാവത്തിലോ അല്ലെങ്കിൽ ചെയർമാൻ ഇല്ലാത്തിടത്തോ ഹാജരായിട്ടുള്ള ഡയറക്ടർമാർ അവരുടെ ഇടയിൽനിന്നും തിരഞ്ഞെടുക്കുന്ന ഏതെങ്കിലും ഡയറക്ടറോ, യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) ബോർഡിന്റെ ഏതെങ്കിലും യോഗത്തിൽ ഉയർന്നുവരുന്ന എല്ലാ പ്രശ്നങ്ങളും ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന ഡയറക്ടർമാരുടെ ഭൂരിപക്ഷവോട്ടിൻമേൽ തീർപ്പാക്കേണ്ടതും വോട്ട് തുല്യമായി വരുന്ന സന്ദർഭത്തിൽ ചെയർമാനോ അല്ലെങ്കിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ആളിനോ ഒരു രണ്ടാം വോട്ടിനോ നിർണ്ണായക വോട്ടിനോ അവകാശമുണ്ടായിരിക്കുന്നതുമാണ്.

(4) (3)-ാം ഉപവകുപ്പിൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമൊഴികെ ബോർഡിലെ ഓരോ ഡയറക്ടർക്കും ഒരു വോട്ട് ഉണ്ടായിരിക്കുന്നതാണ്.

*ബോർഡിന്റെ ബിസിനസ്സ് നടത്തിപ്പിന്റെ രീതി*

11. (1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബോർഡ് അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിൽ പൊതുതാല്പര്യം യഥാവിധി മാനിച്ച് കുറ്റമറ്റ ബിസിനസ്സ് തത്ത്വങ്ങളിൻമേൽ പ്രവർത്തിക്കേണ്ടതാണ്.

(2) മറ്റുവിധത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ളവിധമൊഴികെ, ചെയർമാന് ദേശീയ ക്ഷീരവികസന ബോർഡിന്റെ സാമാന്യ മേൽനോട്ടത്തിനും, നിർദ്ദേശത്തിനും നിയന്ത്രണത്തിനും കാര്യങ്ങളുടെയും ബിസിനസ്സിന്റെയും മാനേജ്മെന്റിനും ഉള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും, ബോർഡ് വിനിയോഗിക്കാവുന്നതോ നടത്താവുന്നതോ ആയ മറ്റ് എല്ലാ അധികാരങ്ങളും കൃത്യങ്ങളും അദ്ദേഹത്തിന് വിനിയോഗിക്കുകയും നടത്തുകയും ചെയ്യാവുന്നതുമാണ്.

(3) ചെയർമാന്, താൻ ദൂരെയായ കാരണത്താലോ മറ്റുവിധത്തിലോ തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് കഴിയാതെവരുമ്പോൾ തന്റെ ചുമതലകളെല്ലാമോ ഏതെങ്കിലുമോ ഒരു താല്ക്കാലിക കാലത്തേക്ക് നിർവ്വഹിക്കുവാൻ ഏതെങ്കിലും മുഴുവൻ സമയ ഡയറക്ടറെ പ്രാധികാരപ്പെടുത്താവുന്നതാണ്.

(4) ചെയർമാന്റെയും (3)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രാധികാരപ്പെടുത്തിയ മുഴുവൻ സമയ ഡയറക്ടറുടെയും ഏതു കാരണത്താലുമുള്ള അസാന്നിദ്ധ്യത്തിൽ ചെയർമാന്റെ അധികാരങ്ങൾ 8-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിൽ പരാമർശിച്ച മുഴുവൻ സമയ ഡയറക്ടർമാരിൽ ഏറ്റവും സീനിയറായ മുഴുവൻ സമയ ഡയറക്ടർക്ക് വിനിയോഗിക്കാവുന്നതാണ്.

*മാനേജ്മെൻറ് കമ്മിററികൾ*

12. (1) ബോർഡിന് അതിന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിൽ ബോർഡിനെ സഹായിക്കുന്ന ആവശ്യത്തിന് യുക്തമെന്ന് അത് കരുതുന്നത്ര മാനേജ്മെൻറ് കമ്മിററികൾ അപ്പോഴപ്പോൾ രൂപീകരിക്കാവുന്നതാണ്.

(2) ഒരു മാനേജ്മെൻറ് കമ്മിററി (ഡയറക്ടർമാരായോ മററു വിധത്തിലോ), അങ്ങനെയുള്ള ഓരോ കമ്മിററിയിലും ചെയർമാനോ ഒരു മുഴുവൻ സമയ ഡയറക്ടറോ അതിലെ ഒരംഗമായിരിക്കും എന്ന നിബന്ധനയ്ക്ക് വിധേയമായി, അതിലെ അംഗങ്ങളായി ബോർഡ് നിശ്ചയിക്കാവുന്നത്ര ആളുകൾ അടങ്ങിയതായിരിക്കേണ്ടതാണ്.

(3) ഓരോ മാനേജ്മെൻറ് കമ്മിററിയും ബോർഡിന്റെ സാമാന്യ നിയന്ത്രണത്തിനും നിർദ്ദേശത്തിനും മേൽനോട്ടത്തിനും കീഴിൽ ബോർഡ് നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള കാലയളവിലേക്കും അങ്ങനെയുള്ള രീതിയിലും പ്രവർത്തിക്കേണ്ടതാണ്.

(4) മാനേജ്മെന്റ് കമ്മിറ്റികളുടെ ഓരോ യോഗത്തിന്റെയും മിനിറ്റ്സ് കഴിയുന്നത്ര വേഗത്തിൽ ബോർഡ് മുൻപാകെ വയ്ക്കേണ്ടതാണ്.

*മാനേജ്മെന്റ് കമ്മിറ്റിയിലെ അംഗങ്ങളുടെ ബത്തകൾ മുതലായവ*

13. (1) ചെയർമാനും മുഴുവൻ സമയ ഡയറക്ടർമാരും ഒഴികെ, ഏതെങ്കിലും മാനേജ്മെന്റ് കമ്മിറ്റിയിലെ അംഗങ്ങൾക്ക്, മാനേജ്മെന്റ് കമ്മിറ്റിയുടെ യോഗങ്ങളിൽ ഹാജരാകുന്നതിനോ അല്ലെങ്കിൽ ദേശീയ ക്ഷീര വികസന ബോർഡിന്റെ മറ്റേതെങ്കിലും ജോലി ചെയ്യുന്നതിനോ, നിർണ്ണയിക്കപ്പെടാവുന്ന ബത്തകൾ വല്ലതുമുണ്ടെങ്കിൽ, അത് നൽകേണ്ടതാണ്.

(2) മാനേജ്മെന്റ് കമ്മിറ്റിയുടെ നടപടികളുടെ നടത്തിപ്പിനെ സംബന്ധിച്ച മറ്റെല്ലാ കാര്യങ്ങളും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലായിരിക്കേണ്ടതാണ്.

*മാനേജ്മെന്റ് കമ്മിറ്റി മുതലായവയിലേക്കുള്ള അധികാരികളുടെ പ്രത്യായോജനം*

14. (1) ബോർഡിന്, ഏതെങ്കിലും മാനേജ്മെന്റ് കമ്മിറ്റിക്കോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും അംഗത്തിനോ അല്ലെങ്കിൽ ദേശീയ ക്ഷീരവികസന ബോർഡിലെ ഏതെങ്കിലും ഓഫീസർക്കോ ബോർഡ് വിനിർദ്ദേശിക്കാവുന്ന നിബന്ധനകളും പരിമിതികളും വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് വിധേയമായി, അതിന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമെന്ന് അത് കരുതുന്ന അതിന്റെ അധികാരങ്ങളും ചുമതലകളും പ്രത്യായോജനം ചെയ്യാവുന്നതാണ്.

(2) ബോർഡിന്, അപ്രകാരം ചെയ്യുന്നത് പൊതുതാല്പര്യത്തിൽ ആവശ്യമാണെന്ന് അത് കരുതുന്നപക്ഷം അതിന്റെ ഏതെങ്കിലും അധികാരങ്ങളും ചുമതലകളും അത് വിനിർദ്ദേശിക്കാവുന്ന നിബന്ധനകളും പരിമിതികളും, വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് വിധേയമായി, ദേശീയ തലത്തിലോ സംസ്ഥാനതലത്തിലോ ഉള്ള ഒരു സഹകരണ ഫെഡറേഷനോ അല്ലെങ്കിൽ ദേശീയ ക്ഷീരവികസന ബോർഡിന്റെ ഉടമസ്ഥതയോ മേൽനോട്ടമോ നിയന്ത്രണമോ സഹായമോ ഉള്ള ഏതെങ്കിലും സംഘടനയ്ക്കോ പ്രത്യായോജനം ചെയ്യാവുന്നതാണ്.

*മുഴുവൻ സമയ ഡയറക്ടർമാർ മുതലായവർക്ക് അധികാരങ്ങൾ പ്രത്യായോജനം ചെയ്യൽ*

15. ബോർഡിന്, ദേശീയ ക്ഷീര വികസന ബോർഡിലെ ഏതെങ്കിലും ജീവനക്കാരന്റെ നിയമനവും, സർവ്വീസ് അവസാനിപ്പിക്കലും, സസ്പെൻഡ് ചെയ്യലും, സർവ്വീസിൽനിന്ന് ഡിസ്മിസ് ചെയ്യലും സംബന്ധിച്ച് അതിന്റെ അധികാരങ്ങൾ, ചുമത്തുന്നതിന് യുക്തമെന്ന് അത് കരുതുന്ന സാമാന്യമോ പ്രത്യേകമോ ആയ നിബന്ധനകൾക്ക് വിധേയമായി താഴെപ്പറയുന്ന രീതിയിൽ ഉത്തരവുവഴി അപ്പോഴപ്പോൾ, പ്രത്യായോജനം ചെയ്യാവുന്നതാണ്, അതായത്:—

(ക) നിർണ്ണയിക്കപ്പെടാവുന്ന ഉയർന്ന ഗ്രേഡിൽ ശമ്പളം പറ്റുന്ന ഏതെങ്കിലും ജീവനക്കാരനെ സംബന്ധിച്ച്, ഒരു മുഴുവൻ സമയ ഡയറക്ടർക്കും;

(ഖ) (ക) ഖണ്ഡത്തിൻകീഴിൽ നിർണ്ണയിക്കപ്പെട്ട ഉയർന്ന ഗ്രേഡ് ഒഴികെയുള്ള ഏതെങ്കിലും ഗ്രേഡിൽ ശമ്പളം പറ്റുന്ന ഏതെങ്കിലും ജീവനക്കാരനെ സംബന്ധിച്ച് യുക്തമെന്ന് അത് കരുതുന്ന ദേശീയ ക്ഷീരവികസന ബോർഡിലെ ഏതെങ്കിലും ഓഫീസർക്കും:

എന്നാൽ, (ഖ) ഖണ്ഡത്തിൻകീഴിൽ വരുന്ന ജീവനക്കാരെ സംബന്ധിച്ച് അപ്രകാരം ചെയ്യുന്നത് ആവശ്യമോ സമീചീനമോ ആണെന്ന് ചെയർമാൻ കരുതുന്നപക്ഷം ഈ വകുപ്പിൻകീഴിൽ ബോർഡിന്റെ ചുമതലകൾ അദ്ദേഹത്തിന് നിർവ്വഹിക്കാവുന്നതാണ്.

അദ്ധ്യായം IV

## ദേശീയ ക്ഷീരവികസന ബോർഡിൻെറ അധികാരങ്ങളും ചുമതലകളും

*ദേശീയ ക്ഷീരവികസന ബോർഡിൻെറ അധികാരങ്ങളും ചുമതലകളും*

16. (1) ഈ ആക്ററിലെ വ്യവസ്ഥകൾക്കു വിധേയമായി,—

(ക) ക്ഷീരവ്യവസായത്തിന്റെയും കാർഷികാടിസ്ഥാനത്തിലുള്ളതും ബന്ധപ്പെട്ടതുമായ മററ് വ്യവസായങ്ങളുടെയും ജൈവികങ്ങളുടെയും തീവ്രവും ദേശവ്യാപകവുമായ അടിസ്ഥാനത്തിലുള്ള വികസനത്തിനാവശ്യമായ പരിപാടികൾ പ്രോത്സാഹിപ്പിക്കുകയും ആസൂത്രണം ചെയ്യുകയും സംഘടിപ്പിക്കുകയും ചെയ്യുന്നതും അങ്ങനെയുള്ള പരിപാടികൾ നടപ്പാക്കുന്നതിന് സഹായം നൽകുന്നതും ദേശീയ ക്ഷീര വികസന ബോർഡിന്റെ ചുമതലയും കർത്തവ്യവുമായിരിക്കുന്നതാണ്.

(ഖ) സഹകരണനയം കൂടുതൽ ഫലപ്രദമായ രീതിയിൽ തീവ്രവും ദേശവ്യാപകവുമായി കൈക്കൊള്ളുകയും മേൽപ്പറഞ്ഞ ഉദ്ദേശ്യങ്ങൾക്ക് ആവശ്യകമാകാവുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത് ദേശീയ ക്ഷീരവികസന ബോർഡിന്റെ ഉത്തരവാദിത്വമായിരിക്കുന്നതാണ്; കൂടാതെ

(ഗ) ദേശീയ ക്ഷീരവികസന ബോർഡിന്, മേൽപ്പറഞ്ഞ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിനും ഈ ആക്ററിൻകീഴിലുള്ള അതിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നതിനും ആവശ്യമെന്ന് അത് കരുതുന്ന നടപടികൾ എടുക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മേല്പറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അതിൽ പരാമർശിച്ച നടപടികൾ,—

(ക) ക്ഷീരവ്യവസായം, പ്രതിരക്ഷകതാ വിജ്ഞാനം, മൃഗസംരക്ഷണം, കൃഷി, ഉദ്യാനകൃഷി എന്നീ മേഖലകളിലുള്ള ഗവേഷണവും പ്രോത്സാഹന പ്രവർത്തനങ്ങളും സുകരമാക്കുന്നതിനും;

(ഖ) ക്ഷീരവും ക്ഷീരോൽപ്പന്നങ്ങളും ഉൽപ്പാദിക്കുന്നതിനും ശേഖരിക്കുന്നതിനും പരിരക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ഏർപ്പെട്ടിട്ടുള്ള സഹകരണ മേഖലയിലോ പൊതുമേഖലയിലോ ഉള്ള സംഘടനകൾക്ക് സാങ്കേതിക ശാസ്ത്രപരമായ വിജ്ഞാനം നൽകുന്നതിനും;

(ഗ) നൽകപ്പെടാവുന്ന സാങ്കേതിക വിജ്ഞാനം ആർജ്ജിക്കുന്നതിലും പ്രയോജനപ്പെടുത്തുന്നതിനുംവേണ്ടി ഉദ്യോഗസ്ഥൻമാരുടെ പരിശീലനം സുകരമാക്കുന്നതിനും;

(ഘ) ക്ഷീരവ്യവസായങ്ങൾ രൂപകൽപ്പന ചെയ്യുകയും, ആസൂത്രണം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും, വികസിപ്പിക്കുകയും, നിർമ്മിക്കുകയും സ്പോൺസർ ചെയ്യുകയും സ്ഥാപിക്കുകയും, അവയ്ക്ക് ധനസഹായം നൽകുന്നതുൾപ്പെടെയുള്ള ബന്ധപ്പെട്ട പുരോഗമന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്നതിനും;

(ങ) കൺസൽട്ടൻസിയും മാനേജ്മെന്റും സംബന്ധിച്ച സേവനങ്ങൾ നൽകുന്നതിനും ടേൺകീ അടിസ്ഥാനത്തിലോ മറ്റുവിധത്തിലോ ഏതെങ്കിലും പദ്ധതികൾ നടപ്പാക്കുന്നതിനും, ക്ഷീരത്തിന്റെയും ക്ഷീരോൽപ്പന്നങ്ങളുടെയും സംഭരണം, പരിവഹണം, സംസ്കരണം, വിതരണം എന്നീ സമഗ്ര സേവനങ്ങൾ ലഭ്യമാക്കുന്നതിനും, ക്ഷീരവും ക്ഷീരോൽപ്പന്നങ്ങളും സംബന്ധിച്ച് ഒരു നേതൃസ്ഥാപനമായി സേവനം നടത്തുന്നതിനും;

(ച) (i) എല്ലാ ഘട്ടങ്ങളിലുമോ മറ്റുവിധത്തിലോ പാഴാക്കൽ ഒഴിവാക്കി ക്ഷീരവും ക്ഷീരോൽപ്പന്നങ്ങളും സംരക്ഷിക്കുന്നതിനും;

(ii) സഹകരണ മേഖലയിലും പൊതുമേഖലയിലും ഉള്ള ക്ഷീരത്തിന്റെയും ക്ഷീരോൽപ്പന്നത്തിന്റെയും ഉല്പാദകർക്ക് പ്രോത്സാഹനവില ലഭിക്കുന്നതിന് സഹായിക്കുന്നതിനും;

(iii) ഒരു ദേശീയ ക്ഷീരവികസന ശൃംഖല പടുത്തുയർത്തുന്നതിനും, പ്രായോഗികമാകാവുന്ന നടപടികൾ സ്വീകരിക്കുന്നതിനും;

(ഛ) പാൽ വാങ്ങുകയോ വില്ക്കുകയോ ചെയ്യുന്നതിനുള്ള ഏറ്റവും കൂടിയതും ഏറ്റവും കുറഞ്ഞതുമായ വില നിശ്ചയിക്കുന്നതിന് ആവശ്യമുള്ളപ്പോഴെല്ലാം സർക്കാരിനോട് ശിപാർശ ചെയ്യുന്നതിനും ആവശ്യമെങ്കിൽ അത് നടപ്പാക്കുന്നതിൽ സഹായിക്കുകയും ചെയ്യുന്നതിനും;

(ജ) ക്ഷീരത്തിന്റെയും ക്ഷീരോൽപ്പന്നങ്ങളുടെയും ക്ഷീരദായക മൃഗങ്ങളുടെയും കാളകളുടെയും ഇറക്കുമതിയും കയററുമതിയും സംബന്ധിച്ച് ഒരു ചാനലൈസിംഗ് ഏജന്റായി പ്രവർത്തിക്കുന്നതിനും;

(ഝ) ധനപരമോ സാങ്കേതികമോ ഭരണപരമോ മാനേജ്മെന്റ് സംബന്ധിച്ചതോ മറ്റുവിധത്തിലുള്ളതോ ആയ സഹായങ്ങൾ നൽകുകയോ—

(ക) ഉയർന്നതരം ഉല്പാദനശേഷിയുള്ള കന്നുകാലികളുടെ (ആവശ്യമെങ്കിൽ ഗുണമേന്മയുള്ള ബീജം ഇറക്കുമതി ചെയ്യുന്നതുൾപ്പെടെ) വികസനത്തിനും സംരക്ഷണത്തിനും;

(ഖ) കന്നുകാലി പ്രജനനത്തിന് കൂടുതൽ മെച്ചപ്പെട്ട മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും;

(ഗ) തീറ്റപ്പുൽ ഉൾപ്പെടെ കൂടുതൽ ഗുണകരവും മെച്ചപ്പെട്ടതുമായ കാലിത്തീററയുടെ ഉല്പാദനവും വിതരണവും വർദ്ധിപ്പിക്കുന്നതിനും;

(ഘ) സാമാന്യമായി രാജ്യത്തിന്റെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും,

ആവശ്യമാകാവുന്ന നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതിനും;

(ഞ) ക്ഷീരത്തിലും ക്ഷീരോൽപ്പന്നങ്ങളിലും, ബോർഡിന് യുക്തമെന്ന് തോന്നുന്ന രീതിയിൽ ലഭ്യമായ സ്ഥാപനങ്ങൾ ഉപയോഗിച്ചുകൊണ്ടോ മറ്റുവിധത്തിലോ, സാങ്കേതിക ശാസ്ത്രപരമോ വ്യാവസായികമോ ധനതത്വശാസ്ത്രപരമോ ആയ ഗവേഷണങ്ങൾക്ക് നടപടികൾ കൈക്കൊള്ളുകയോ അവ പ്രോത്സാഹിപ്പിക്കുകയോ അവയ്ക്ക് ധനസഹായം നൽകുകയോ ചെയ്യുന്നതിനും;

(ട) ക്ഷീരത്തിന്റെയും ക്ഷീരോൽപ്പന്നങ്ങളുടെയും ദേശവ്യാപകമായ ഉല്പാദനവും സംരക്ഷണവും വിതരണവും ഉപഭോഗവും ത്വരിതപ്പെടുത്തുന്ന ഉദ്ദേശ്യത്തോടെ സഹകരണ ഫെഡറേഷനുകൾക്കോ സഹകരണ യൂണിയനുകൾക്കോ സഹകരണ സംരംഭങ്ങൾക്കോ സഹകരണ മേഖലയിലോ പൊതുമേഖലയിലോ ഉള്ള ഏതെങ്കിലും പദ്ധതിക്കോ (മൂലധനത്തിനുള്ള അംശദായമുൾപ്പെടെ) യുക്തമെന്ന് ബോർഡ് കരുതുന്ന രീതിയിൽ ധനസഹായം നൽകുകയും ചെയ്യുന്നതിനും;

(ഠ) ക്ഷീരവ്യവസായവും ബന്ധപ്പെട്ട വ്യവസായങ്ങളും ക്രമപ്പെടുത്തുകയും കേന്ദ്രസർക്കാർ ആവശ്യപ്പെടാവുന്നപോലെ അവയെ സംബന്ധിച്ച ക്രമപ്പെടുത്തുന്ന അധികാരസ്ഥാനമായി പ്രവർത്തിക്കുകയും ചെയ്യുന്നതിനും;

(ഡ) ക്ഷീരത്തിന്റെയും ക്ഷീരോൽപ്പന്നങ്ങളുടെയും പ്രാഥമിക ഉല്പാദകരെ ക്ഷീരവ്യവസായത്തിന്റെയും ബന്ധപ്പെട്ട വ്യവസായങ്ങളുടെയും വികസനത്തിനും വളർച്ചയിലും പങ്കാളികളാക്കാനും അവരെ അവയുടെ ഗുണഭോക്താക്കളാക്കാനും സാദ്ധ്യമാക്കുമാറ്, ക്ഷീരോൽപ്പാദനത്തിലും ക്ഷീരോൽപ്പന്നങ്ങളിലുമുള്ള സംഘടനകളുടെ വികസനത്തിനും ഏകോപനത്തിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും;

(ഢ) ദേശീയ ക്ഷീര വിതരണ ശൃംഖലയുടെയും ദേശീയ ക്ഷീരദായക മൃഗസമൂഹത്തിന്റെയും കാര്യക്ഷമമായ മാനേജ്മെന്റിന് ആവശ്യമായ പ്രസക്ത ആധാരവിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും ശേഖരിക്കുകയും സമാഹരിക്കുകയും ചെയ്യുന്നതിനും;

(ണ) ക്ഷീരവ്യവസായത്തിന്റെയും ബന്ധപ്പെട്ട വ്യവസായങ്ങളുടെയും ഗവേഷണത്തിന്റെയും വികസനത്തിന്റെയും ഖ്യാതി പ്രോത്സാഹിപ്പിക്കുന്നതിനും;

(ത) രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്ഷീരത്തിന്റെയും ക്ഷീരോൽപ്പന്നങ്ങളുടെയും ഉല്പാദനവും തരംതിരിക്കലും വിപണനവും പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിനും;

(ഥ) അന്തർദ്ദേശീയ സംഘടനകളും വിദേശ വിദഗ്ദ്ധരുമായി സഹകരിക്കുകയും ക്ഷീരത്തിന്റെയും ക്ഷീരോൽപ്പന്നങ്ങളുടെയും മറ്റേതെങ്കിലും ഭക്ഷ്യവസ്തുക്കളുടെയും ഏതെങ്കിലും ദാനം സ്വീകരിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും വിതരണം ചെയ്യുന്നതിനും കേന്ദ്രസർക്കാരിന്റെ ഏജന്റായി പ്രവർത്തിക്കുന്നതിനും;

(ദ) അടിസ്ഥാനവസ്തുക്കളുടെ ബഫർസ്റ്റോക്ക് ഉണ്ടാക്കുന്നതിനും;

(ധ) ബോർഡിന്റെ അഭിപ്രായത്തിൽ പാഴാകുന്നത് ഒഴിവാക്കുന്നതിനോ അല്ലെങ്കിൽ മറ്റു വിധത്തിൽ പൊതുതാല്പര്യം സംരക്ഷിക്കുന്നതിനോ അപ്രകാരം ചെയ്യുന്നത് ആവശ്യമായിട്ടുള്ളിടത്ത്, ക്ഷീരത്തിന്റെയും ക്ഷീരോൽപ്പന്നത്തിന്റെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും, സാമാന്യമായി, അത് നിർമ്മിച്ചതോ സംസ്കരിച്ചതോ അല്ലെങ്കിൽ പ്രോത്സാഹനം നൽകിയതോ ആയ ഏതെങ്കിലും പദാർത്ഥം കയറ്റുമതി ചെയ്യുന്നതിനും;

(ന) അതിന്റെ ബിസിനസ്സിന്റെ ആവശ്യങ്ങൾക്ക് ഏതെങ്കിലും വസ്തു ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും കൈയൊഴിയുകയും ചെയ്യുന്നതിനും;

(പ) ദേശീയ ക്ഷീരവികസന ബോർഡിന്റെ മാനേജ്മെന്റ് ചുമതലകളോ, സാങ്കേതിക ചുമതലകളോ, മറ്റു ചുമതലകളോ, അതിന്റെ സഹായം ലഭിക്കുന്ന ഏതെങ്കിലും സംഘടനകൾ സംബന്ധിച്ച്, മുഴുവനായോ ഭാഗികമായോ പ്രതിഗ്രാഹക സംഘടനയ്ക്ക് കൈമാറ്റം ചെയ്യുന്നതിനും;

(ഫ) ജംഗമമോ സ്ഥാവരമോ ആയ വസ്തുവിന്റെ ജാമ്യത്തിലോ മറ്റ് വിധത്തിലോ പണം മുൻകൂറായോ കടമായോ നൽകുന്നതിനും;

(ബ) ബോർഡിന് യുക്തമെന്ന് തോന്നുന്ന രീതിയിൽ അങ്ങനെയുള്ള ജാമ്യത്തിൽ പണം കടമെടുക്കുന്നതിനും;

(ഭ) നിശ്ചിത ദിവസത്തിനു തൊട്ടുമുമ്പ് സംഘമോ വിഘടനം ചെയ്യപ്പെട്ട കമ്പനിയോ ഏതെങ്കിലും ബിസിനസ്സോ ബിസിനസ്സിന്റെ വിഭാഗമോ നടത്തിയിരുന്ന ഒരു സംഗതിയിൽ അത് സ്വയമോ മറ്റേതെങ്കിലും സംഘടനകൾ മുഖേനയോ ഏതെങ്കിലും ബിസിനസ്സോ ബിസിനസ്സിന്റെ വിഭാഗമോ നടത്തുന്നതിനും;

(മ) ക്ഷീരത്തിന്റെയും ക്ഷീരോൽപ്പന്നത്തിന്റെയും മറ്റ് ഭക്ഷ്യ വസ്തുക്കളുടെയും ഉൽപ്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ളവരുടെയിടയിൽ സഹകരണ ഉദ്യമം പുരോഗമിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനും;

(യ) ദേശീയ ക്ഷീരവികസന ബോർഡ് നൽകിയ ഏതെങ്കിലും സഹായത്തിനോ അനുഷ്ഠിച്ച ഏതെങ്കിലും സേവനങ്ങൾക്കോ ഫീസോ മറ്റ് ചാർജ്ജുകളോ ഈടാക്കുന്നതിനും;

(യക) ദേശീയ ക്ഷീരവികസന ബോർഡിന്റെ ഈ ആക്റ്റിൻകീഴിലുള്ള ലക്ഷ്യങ്ങൾ പ്രവൃദ്ധമാക്കുന്നതിന് ആവശ്യമോ ആനുഷംഗികമോ ഉതകുന്നതോ ആയ മറ്റേതെങ്കിലും ബിസിനസ്സോ മറ്റേതെങ്കിലും കൃത്യമോ ചെയ്യുന്നതിനും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) സംഘമോ വിഘടനം ചെയ്യപ്പെട്ട കമ്പനിയോ നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പ്, ക്ഷീരവും ക്ഷീരോൽപ്പന്നങ്ങളുമല്ലാത്ത ഏതെങ്കിലും പദാർത്ഥമോ ഉൽപ്പന്നമോ അല്ലെങ്കിൽ ക്ഷീരവ്യവസായമോ സംബന്ധിച്ച് ഉല്പാദനത്തിലോ ഗവേഷണത്തിലോ വികസനത്തിലോ സംസ്കരണത്തിലോ വിപണനത്തിലോ ഇറക്കുമതിയിലോ കയറ്റുമതിയിലോ മറ്റു പ്രവർത്തനങ്ങളിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും സേവനമോ സഹായമോ നൽകിക്കൊണ്ടിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അപ്പോൾ ഈ ആക്റ്റിലോ മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ദേശീയ ക്ഷീരവികസന ബോർഡിന്, പ്രസ്തുത പദാർത്ഥമോ ഉൽപ്പന്നമോ സംബന്ധിച്ച, ഉല്പാദനത്തിലോ ഗവേഷണത്തിലോ വികസനത്തിലോ

സംസ്കരണത്തിലോ വിപണനത്തിലോ മറ്റ് പ്രവർത്തനങ്ങളിലോ ഏർപ്പെടാവുന്നതും ആവശ്യമാകാവുന്ന മറ്റ് സഹായങ്ങളോ സേവനങ്ങളോ നൽകാവുന്നതും, (1)-ഉം (2)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ, ആകുന്നത്ര, ക്ഷീരത്തെയോ, ക്ഷീരോൽപ്പന്നങ്ങളെയോ ക്ഷീരവ്യവസായത്തെയോ അനുബന്ധ വ്യവസായങ്ങളെയോ സംബന്ധിച്ച് അവയിലുള്ള ഏതൊരു പരാമർശവും ആ പദാർത്ഥത്തെയോ ഉല്പന്നത്തെയോ സേവനത്തെയോ പ്രവർത്തനത്തെയോ സംബന്ധിച്ച ഒരു പരാമർശമായിരുന്നാലെന്നപോലെ ബാധകമാകുന്നതുമാണ്.

(4) കേന്ദ്രസർക്കാരോ ഏതെങ്കിലും സംസ്ഥാന സർക്കാരോ ദേശീയ ക്ഷീരവികസന ബോർഡിന്റെ പ്രത്യേക വൈദഗ്ദ്ധ്യവും പൊതുജനങ്ങളുടെ ആവശ്യവും പരിഗണിച്ച് മേൽപ്പറഞ്ഞ ഉപവകുപ്പുകൾ ബാധകമാകുന്നവയല്ലാത്ത മറ്റേതെങ്കിലും പ്രവർത്തനം ദേശീയ ക്ഷീര വികസന ബോർഡിനെ ഭരമേൽപ്പിക്കുന്നതിന് ആവശ്യമെന്നോ ആശാസ്യമെന്നോ കരുതുന്നപക്ഷം, അതിന്, അങ്ങനെയുള്ള പ്രവർത്തനം ദേശീയ ക്ഷീര വികസന ബോർഡിനെ ഭരമേൽപ്പിക്കാവുന്നതും, അതിനുശേഷം ദേശീയ ക്ഷീര വികസന ബോർഡിന് അങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് ക്ഷമത ഉണ്ടായിരിക്കുന്നതുമാണ്.

(5) മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം കൂടാതെ, കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ദേശീയ ക്ഷീര വികസന ബോർഡിന് മറ്റേതെങ്കിലും സംഘടനയിൽ ധനപരമായോ, മാനേജ്മെന്റ് തലത്തിലോ മറ്റേതെങ്കിലും രീതിയിലോ ഭാഗമാക്കുവാൻ ക്ഷമതയുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം V

## ദേശീയ ക്ഷീരവികസന ബോർഡിൻെറ ഡയറക്ടർമാരെയും ജീവനക്കാരെയും സംബന്ധിച്ച വ്യവസ്ഥകൾ

*സംഘത്തിന്റെ ബോർഡിലെ അംഗങ്ങളെയും വിഘടനം ചെയ്യപ്പെട്ട കമ്പനിയുടെ ഡയറക്ടർമാരെയും സംബന്ധിച്ച വ്യവസ്ഥകൾ*

17. നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പ് സംഘത്തിന്റെ ബോർഡിലെ ഒരംഗമായോ അല്ലെങ്കിൽ വിഘടനം ചെയ്യപ്പെട്ട കമ്പനിയുടെ ഒരു ഡയറക്ടറായോ ഉദ്യോഗം വഹിച്ചിരുന്ന ഓരോ ആളും ആ ദിവസവും അന്നുമുതൽക്കും അങ്ങനെയുള്ള അംഗമായോ അല്ലെങ്കിൽ ഡയറക്ടറായോ ഉദ്യോഗം വഹിക്കുന്നത് അവസാനിക്കുന്നതാണ്.

*സംഘത്തിന്റെയും വിഘടനം ചെയ്യപ്പെട്ട കമ്പനിയുടെയും ഓഫീസർമാരെയും മറ്റ് ജീവനക്കാരെയും സംബന്ധിച്ച വ്യവസ്ഥകൾ*

18. 19-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പ് സംഘത്തിലോ അല്ലെങ്കിൽ വിഘടനം ചെയ്യപ്പെട്ട കമ്പനിയിലോ മുഴുവൻ സമയ ഓഫീസറായോ അല്ലെങ്കിൽ മറ്റ് ജീവനക്കാരനായോ ഉദ്യോഗം വഹിക്കുന്ന ഓരോ ആളും നിശ്ചിത ദിവസവും അന്നുമുതൽക്കും, അതതു സംഗതിപോലെ, ദേശീയ ക്ഷീര വികസന ബോർഡിന്റെ ഒരു ഓഫീസറോ അല്ലെങ്കിൽ മറ്റ് ജീവനക്കാരനോ ആയിത്തീരുന്നതും, അതതു സംഗതിപോലെ, സംഘത്തിന്റെയോ അല്ലെങ്കിൽ വിഘടനം ചെയ്യപ്പെട്ട കമ്പനിയുടെയോ കീഴിലുള്ള സേവനം സംബന്ധിച്ച് അയാൾക്കുണ്ടായിരുന്ന അതേ നിബന്ധനകളിൻമേലും ഉപാധികളിൻമേലും ദേശീയ ക്ഷീരവികസന ബോർഡിൽ ഉദ്യോഗം വഹിക്കേണ്ടതും അയാളുടെ സേവനത്തിന്റെ നിബന്ധനകളും ഉപാധികളും ബോർഡ് യഥാവിധി മാറ്റുന്നതുവരെ അപ്രകാരം തുടർന്നും ജോലി ചെയ്യേണ്ടതുമാണ്.

19. (1) ഈ അദ്ധ്യായത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ദേശീയ ക്ഷീരവികസന ബോർഡിന്, അതിന്റെ പ്രവർത്തനത്തിൽ അങ്ങേയറ്റം കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ദേശീയ ക്ഷീരവികസന ബോർഡിന്റെ സംഘടനാപരവും പ്രവർത്തനപരവുമായ സംവിധാനം പുനഃസംഘടിപ്പിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുന്നതിന് ആവശ്യമാകാവുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുകയോ നടപടികൾ എടുക്കുകയോ ചെയ്യാവുന്നതും, ബോർഡിന് ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഏതെങ്കിലും ഓഫീസറോ മറ്റു ജീവനക്കാരനോ ഓഫീസറുടെയോ മറ്റു ജീവനക്കാരുടെ ഏതെങ്കിലും വിഭാഗമോ, ഒരേ സ്വഭാവത്തിലുള്ള തസ്തികകളുടെ ഇരട്ടിപ്പോ പരിഷ്കരിച്ച സംവിധാനത്തിൽ ആ തസ്തികയ്ക്കാവശ്യമായ പ്രത്യേക വൈദഗ്ദ്ധ്യത്തിന്റെ അഭാവമോ ദേശീയ ക്ഷീര വികസന ബോർഡിന്റെ ഒരു പ്രത്യേക ഓഫീസിലെയോ യൂണിറ്റിലെയോ തസ്തികകളുടെ അഭാവമോ കാരണത്താലും ഒരു പ്രത്യേക ഗ്രേഡിലുള്ള തസ്തികയിൽ ഒരാളെ ഉൾക്കൊള്ളിക്കുന്നത് അപ്രായോഗികമായതിനാലും, ആവശ്യത്തിലധികമായതിനാലോ മറ്റുവിധത്തിലോ അവർ അധികപ്പറ്റാണെന്ന് കാണുന്നപക്ഷം, അവരെ അധികപ്പറ്റായി പ്രഖ്യാപിക്കുവാൻ ബോർഡിന് ക്ഷമതയുണ്ടായിരിക്കുന്നതാണ്.

*പ്രവർത്തനത്തിൽ അങ്ങേയറ്റം കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ദേശീയ ക്ഷീരവികസന ബോർഡിന്റെ സംവിധാനം പുനഃസംഘടിപ്പിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുന്നതിനുള്ള ബോർഡിന്റെ അധികാരം*

(2) ബോർഡിലേക്ക് അങ്ങനെ മാറ്റിയ ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനവ്യവസ്ഥകൾ റാഷണലൈസ് ചെയ്യുന്നതിന് ആവശ്യമാണെന്ന് കരുതുന്നപക്ഷം അവരുടെ ഉദ്യോഗപ്പേരോ അവർക്ക് ബാധകമാകുന്ന സേവനവ്യവസ്ഥകളോ ശമ്പള സ്കെയിലോ മാറ്റുകയോ അവരുടെ കർത്തവ്യങ്ങളും ചുമതലകളും പുനർവിഭജിക്കുകയോ ചെയ്യുന്നതിൽ നിന്നും ഈ അദ്ധ്യായത്തിലെ യാതൊന്നും ബോർഡിനെ തടയുന്നതല്ല.

20. (1) 19-ാം വകുപ്പിനനുസൃതമായി അധികപ്പറ്റായി പ്രഖ്യാപിക്കപ്പെട്ട ഓഫീസർമാരെയോ മറ്റ് ജീവനക്കാരെയോ കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ബോർഡ് ഈ ആവശ്യത്തിലേക്ക് ഉണ്ടാക്കാവുന്ന പദ്ധതിയോ പദ്ധതികളോ അനുസരിച്ച് കൈകാര്യം ചെയ്യേണ്ടതും വ്യത്യസ്ത വിഭാഗത്തിലോ തരത്തിലോപെട്ട ഓഫീസർമാരെയും മറ്റു ജീവനക്കാരെയും സംബന്ധിച്ച് വ്യത്യസ്ത പദ്ധതികൾ ഉണ്ടാക്കാവുന്നതുമാണ്.

*അധികപ്പറ്റായ ജീവനക്കാർ മുതലായവർക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച പദ്ധതികൾ*

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച പദ്ധതിയോ പദ്ധതികളോ,—

(ക) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും ഓഫീസർക്കോ മറ്റ് ജീവനക്കാരനോ നൽകേണ്ട നഷ്ടപരിഹാരത്തിന്റെ പരിമാണത്തിനും അത് നൽകേണ്ട രീതിക്കും:

എന്നാൽ, അപ്രകാരം നൽകേണ്ട നഷ്ടപരിഹാരം, യാതൊരു സംഗതിയിലും, അയാളുടെ സേവനങ്ങൾ വേണ്ടെന്ന് വയ്ക്കുന്ന പക്ഷം, അയാൾക്ക് ബാധകമാകുന്ന സേവനവ്യവസ്ഥകളിൻകീഴിൽ അയാൾക്കു നൽകേണ്ട നഷ്ടപരിഹാരത്തിലും കുറവായിരിക്കാൻ പാടുള്ളതല്ല;

(ഖ) അവർക്ക് ബാധകമാകുന്ന സേവനവ്യവസ്ഥകൾക്കനുസൃതമായി നൽകേണ്ട ശമ്പള കുടിശ്ശികയുടെയോ മറ്റ് ഉപലബ്ധികളുടെയോ പ്രോവിഡന്റ് ഫണ്ടിന്റെയോ ഗ്രാററുവിററിയുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും തുകയുടെയോ പരിമാണത്തിലും;

(ഗ) സങ്കടമുള്ള അധികപ്പറ്റായ ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും അപ്പീൽ ബോധിപ്പിക്കുന്നതിനും, കൃഷി കൈകാര്യം ചെയ്യുന്ന ഭാരത സർക്കാരിന്റെ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഓഫീസറായ ഒരു അപ്പലേറ്റ് അധികാര സ്ഥാനത്തിനും വേണ്ടിയുള്ള വ്യവസ്ഥയ്ക്കും;

(ഘ) അവർ അധികപ്പറ്റാണെന്ന് പ്രഖ്യാപിക്കപ്പെട്ടതിന്റെ ഫലമായി സേവനം അവസാനിപ്പിക്കപ്പെട്ടത് സംബന്ധിച്ച മറ്റേതെങ്കിലും കാര്യത്തിനും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

*ജീവനക്കാരെ മാറ്റിയതിന് നഷ്ടപരിഹാരം നൽകേണ്ടതില്ലെന്ന്*

21. സംഘത്തിലെയോ വിഘടനം ചെയ്യപ്പെട്ട കമ്പനിയിലെയോ ഏതെങ്കിലും ഓഫീസറുടെയോ മറ്റു ജീവനക്കാരന്റെയോ സേവനങ്ങളുടെ ദേശീയ ക്ഷീര വികസന ബോർഡിലേക്കുള്ള മാറ്റം, അങ്ങനെയുള്ള ഏതെങ്കിലും ഓഫീസർക്കോ മറ്റ് ജീവനക്കാരനോ വ്യാവസായികതർക്കങ്ങൾ ആക്റ്റ്, 1947 (1947-ലെ 14)-ന്റെയോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന്റെയോ കീഴിൽ എന്തെങ്കിലും നഷ്ടപരിഹാരത്തിന് അവകാശമുണ്ടാക്കുന്നതല്ലാത്തതും അങ്ങനെയുള്ള യാതൊരു തേർച്ചയും ഏതെങ്കിലും കോടതിയോ ട്രൈബ്യൂണലോ മറ്റ് അധികാരസ്ഥാനമോ പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു.

*പ്രോവിഡന്റ് ഫണ്ടും ഗ്രാറ്റുവിറ്റിയും ക്ഷേമ നിധികളും മറ്റ് നിധികളും*

22. (1) ഓഫീസർമാരുടെയോ മറ്റു ജീവനക്കാരുടെയോ ഗുണത്തിന്, സംഘമോ വിഘടനം ചെയ്യപ്പെട്ട കമ്പനിയോ, അവയിൽ ഏതിനെയെങ്കിലും സംബന്ധിച്ച്, ഒരു പ്രോവിഡന്റ് ഫണ്ട് ഏർപ്പെടുത്തിയിരിക്കുകയും അത് ഒരു ട്രസ്റ്റിൽ നിക്ഷിപ്തമായിരിക്കുകയും ചെയ്യുന്നിടത്ത്, ഓരോ പ്രോവിഡന്റ് ഫണ്ടിന്റെയും ക്രെഡിറ്റിലുള്ള പണവും മറ്റ് ആസ്തികളും നിശ്ചിത ദിവസത്തിന് മുമ്പ് ബാധകമായിരുന്ന അതേ ലക്ഷ്യത്തോടുകൂടി തുടർന്നും ട്രസ്റ്റിൽ വയ്ക്കേണ്ടതും നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പുള്ള അങ്ങനെയുള്ള ട്രസ്റ്റുകളുടെ ട്രസ്റ്റിമാർ ബന്ധപ്പെട്ട ട്രസ്റ്റുകളെ സംബന്ധിച്ച് ട്രസ്റ്റ് ഉടമ്പടികളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി ബന്ധപ്പെട്ട പ്രോവിഡന്റ് ഫണ്ടിന്റെ ട്രസ്റ്റിമാരായി, ദേശീയ ക്ഷീരവികസന ബോർഡ് മറ്റ് വിധത്തിൽ നിർദ്ദേശിക്കുന്നതുവരെ, തുടർന്നും പ്രവർത്തിക്കേണ്ടതും പ്രസ്തുത ട്രസ്റ്റുകളെ സംബന്ധിച്ച് അവകാശങ്ങൾ നിശ്ചിത ദിവസം മുതൽ ദേശീയ ക്ഷീരവികസന ബോർഡിൽ നിക്ഷിപ്തമാകുന്നതുമാണ്.

(2) സംഘമോ വിഘടനം ചെയ്യപ്പെട്ട കമ്പനിയോ അതിന്റെ ഓഫീസർമാരുടെയോ മറ്റ് ജീവനക്കാരുടെയോ ഗുണത്തിനായി ഏതെങ്കിലും ഗ്രാറ്റുവിറ്റിയോ ക്ഷേമനിധിയോ മറ്റ് നിധിയോ ഏർപ്പെടുത്തിയിരിക്കുകയും നിശ്ചിത ദിവസത്തിനു തൊട്ടുമുമ്പ് അവ നിലനിൽക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഗ്രാറ്റുവിറ്റിയുടെയോ ക്ഷേമനിധിയുടെയോ മറ്റ് നിധിയുടെയോ ക്രെഡിറ്റിലുള്ളതും അവയോട് ബന്ധപ്പെട്ടതുമായ എല്ലാ പണവും മറ്റ് ആസ്തികളും ദേശീയ ക്ഷീരവികസന ബോർഡിൽ നിക്ഷിപ്തമാകുന്നതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ട്രസ്റ്റുകളോ നിധികളോ സംബന്ധിച്ച്, അങ്ങനെയുള്ള ട്രസ്റ്റുകളിലോ നിധികളിലോ ഐകരൂപ്യം വരുത്തുന്നതിനോ അവയിൽ ഭാഗികമായോ മുഴുവനായോ ഏകീകരണം പ്രഭാവത്തിൽ കൊണ്ടുവരുന്നതിനോ യുക്തമെന്ന് അതു കരുതുന്ന നിർദ്ദേശങ്ങൾ ബോർഡ് നൽകുകയോ നടപടികൾ എടുക്കുകയോ ചെയ്യാവുന്നതാണ്.

(4) ബോർഡിന്, ഓഫീസർമാരുടെയോ മറ്റ് ജീവനക്കാരുടെയോ അവരുടെ കുടുംബാംഗങ്ങളുടെയോ ക്ഷേമം പരിഗണിച്ച് അവരുടെ ആരോഗ്യത്തിന്റെയോ വിദ്യാഭ്യാസത്തിന്റെയോ മറ്റു താല്പര്യങ്ങളുടെയോ ഉന്നമനത്തിന് നിർണ്ണയിക്കപ്പെടാവുന്ന നടപടികൾ എടുക്കുകയോ ആ ആവശ്യത്തിനുവേണ്ടിയുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കുകയോ ചെയ്യാവുന്നതാണ്.

(5) ഈ വകുപ്പിലെ മുൻപറഞ്ഞ വ്യവസ്ഥകളിലെ യാതൊന്നും, ബോർഡിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥൻമാർക്കോ മറ്റ് ജീവനക്കാർക്കോവേണ്ടി ഏതെങ്കിലും പ്രോവിഡന്റ് ഫണ്ടോ, ക്ഷേമനിധിയോ, ഗ്രാറ്റുവിറ്റിനിധിയോ മറ്റ് നിധിയോ ഏർപ്പെടുത്തുകയോ വച്ചുപോരുകയോ ചെയ്യുന്നതിന് റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അതിന്റെ അധികാരത്തിൽ ന്യൂനത വരുത്തുന്നതല്ല.

അദ്ധ്യായം VI

## ധനകാര്യവും അക്കൗണ്ടുകളും ആഡിററും

*കടമെടുക്കാനുള്ള ബോർഡിന്റെ അധികാരങ്ങൾ*

23. ബോർഡിന് ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ ചുമതലകൾ എല്ലാമോ ഏതെങ്കിലുമോ നിറവേറ്റുന്നതിന് കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയോ അല്ലെങ്കിൽ കേന്ദ്രസർക്കാർ അതിന് നൽകിയിട്ടുള്ള സാമാന്യമോ പ്രത്യേകമോ ആയ ഏതെങ്കിലും അധികാരത്തിന്റെ നിബന്ധനകൾക്കനുസൃതമായോ യുക്തമെന്ന് അത് കരുതാവുന്ന ഏതെങ്കിലും മാർഗ്ഗത്തിൽനിന്നും പണം കടമെടുക്കാവുന്നതാണ്.

*കേന്ദ്രസർക്കാരിനാലുള്ള ഗ്രാന്റുകളും വായ്പകളും*

24. കേന്ദ്രസർക്കാരിന്, നിയമംമൂലം പാർലമെന്റ് ഇതിലേക്ക് യഥാവിധി വകകൊള്ളിച്ചശേഷം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് യുക്തമെന്ന് കേന്ദ്രസർക്കാർ കരുതുന്ന തുകകൾ, ഗ്രാന്റുകളായോ, വായ്പയായോ ദേശീയ ക്ഷീരവികസന ബോർഡിന് നൽകാവുന്നതാണ്.

*ഗ്രാന്റുകൾ, സംഭാവനകൾ മുതലായവ*

25. (1) ദേശീയ ക്ഷീരവികസന ബോർഡിന്, സർക്കാരിൽനിന്നോ അല്ലെങ്കിൽ ഭാരതത്തിനകത്തോ വെളിയിലോ ഉള്ള മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നോ പാരിതോഷികങ്ങളോ, ഗ്രാന്റുകളോ, സംഭാവനകളോ, സഹായധനങ്ങളോ സ്വീകരിക്കാവുന്നതും അത് ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനും ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനും ബോർഡ് ഉപയോഗിക്കേണ്ടതുമാണ്.

(2) ദേശീയ ക്ഷീരവികസന ബോർഡ്, കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ ഒരു വിദേശ സർക്കാരിൽനിന്നോ ഭാരതത്തിനു വെളിയിലുള്ള മറ്റേതെങ്കിലും മാർഗ്ഗത്തിൽനിന്നോ എന്തെങ്കിലും പാരിതോഷികങ്ങളോ, ഗ്രാന്റുകളോ, സംഭാവനകളോ, സഹായധനങ്ങളോ സ്വീകരിക്കാൻ പാടില്ലാത്തതാണ്.

*ദേശീയ ക്ഷീരവികസന ബോർഡ് നിധി*

26. (1) ദേശീയ ക്ഷീരവികസന ബോർഡ് നിധി എന്ന പേരിൽ ഒരു നിധി ദേശീയ ക്ഷീരവികസന ബോർഡ് വച്ചുപോരേണ്ടതും അതിലേക്ക് —

(ക) II-ാം അദ്ധ്യായത്തിൻകീഴിൽ ദേശീയ ക്ഷീരവികസന ബോർഡിൽ നിക്ഷിപ്തമായ എല്ലാ തുകകളും;

(ഖ) സർക്കാർ നൽകാവുന്ന എല്ലാ തുകകളും;

(ഗ) ദേശീയ ക്ഷീരവികസന ബോർഡിന് ലഭിക്കുന്ന എല്ലാ ഫീസുകളും മറ്റ് ചാർജ്ജുകളും;

(ഘ) പാരിതോഷിക സാധനങ്ങളിൽനിന്ന് ദേശീയ ക്ഷീരവികസന ബോർഡ് ഉണ്ടാക്കിയതോ, അല്ലെങ്കിൽ ഗ്രാന്റുകളോ, സംഭാവനകളോ, സഹായധനങ്ങളോ, മരണശാസനങ്ങളോ, കൈമാറ്റങ്ങളോ വഴി അതിന് ലഭിക്കുന്നതോ ആയ എല്ലാ തുകകളും;

(ങ) ദേശീയ ക്ഷീരവികസന ബോർഡിന് മറ്റേതെങ്കിലും രീതിയിലോ മറ്റേതെങ്കിലും മാർഗ്ഗത്തിലോ നിന്ന് ലഭിച്ച എല്ലാ തുകകളും,

വരവുവയ്ക്കപ്പെടേണ്ടതുമാണ്.

(2) പ്രസ്തുത നിധിയിൽ വരവുവച്ച എല്ലാ തുകകളും ഈ ആവശ്യത്തിലേക്ക് ഉണ്ടാക്കിയിട്ടുള്ള റഗുലേഷനുകൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായി, ഭാരതീയ സ്റ്റേറ്റ് ബാങ്കിലോ അല്ലെങ്കിൽ ഏതെങ്കിലും ദേശസാൽക്കൃത ബാങ്കിലോ നിക്ഷേപിക്കേണ്ടതാണ്.

*വിശദീകരണം.*—ഈ ഉപവകുപ്പിൽ "ദേശസാൽക്കൃത ബാങ്ക്" എന്നാൽ ബാങ്കിംഗ് കമ്പനികൾ (സംരംഭങ്ങളുടെ ആർജ്ജിക്കലും കൈമാറ്റവും) ആക്റ്റ്, 1970 (1970-ലെ 5)-ലും ബാങ്കിംഗ് കമ്പനികൾ (സംരംഭങ്ങളുടെ ആർജ്ജിക്കലും കൈമാറ്റവും) ആക്റ്റ്, 1980 (1980-ലെ 40)-ലും നിർവ്വചിച്ച പ്രകാരമുള്ള ഒരു തൽസ്ഥാനീയ പുതിയ ബാങ്ക് എന്നർത്ഥമാകുന്നു.

(3) ദേശീയ ക്ഷീരവികസന ബോർഡ്, 16-ാം വകുപ്പിൻകീഴിലുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിനും അല്ലെങ്കിൽ അതിൽ പരാമർശിച്ച ഏതെങ്കിലും പ്രവർത്തനങ്ങളോട് ബന്ധപ്പെട്ടോ അല്ലെങ്കിൽ അതിനോട് ബന്ധമുള്ള എന്തിനെങ്കിലുമോ ചെലവാക്കിയ തുകകൾ ഉൾപ്പെടെ ഭരണപരമായ ചെലവുകളും മറ്റ് ചെലവുകളും വഹിക്കുന്നതിന് പ്രസ്തുത നിധി ഉപയോഗിക്കേണ്ടതാണ്.

*അക്കൗണ്ടുകളും ബാലൻസ് ഷീറ്റും തയ്യാറാക്കൽ*

27. (1) ദേശീയ ക്ഷീരവികസന ബോർഡിന്റെ ബാലൻസ് ഷീറ്റും അക്കൗണ്ടുകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും തയ്യാറാക്കേണ്ടതാണ്.

(2) ബോർഡ്, ദേശീയ ക്ഷീരവികസന ബോർഡിന്റെ ബുക്കുകളും അക്കൗണ്ടുകളും ഓരോ വർഷവും മാർച്ച് 31-ാം തീയതിയോ അല്ലെങ്കിൽ ബോർഡ് കേന്ദ്രസർക്കാരിന്റെ യോജിപ്പോടുകൂടി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള മറ്റേതെങ്കിലും തീയതിക്കോ പൂർത്തീകരിപ്പിക്കേണ്ടതും ബാലൻസ് ചെയ്യിക്കേണ്ടതുമാണ്.

*ആഡിററ്*

28. (1) ദേശീയ ക്ഷീരവികസന ബോർഡിന്റെ അക്കൗണ്ടുകൾ, കമ്പനീസ് ആക്റ്റിൻകീഴിൽ കമ്പനികളുടെ ആഡിറ്റർമാരായി പ്രവർത്തിക്കുവാൻ തക്ക യോഗ്യതയുള്ള ആഡിറ്റർമാർ ആഡിറ്റ് ചെയ്യേണ്ടതും ആഡിറ്റർമാരുടെ നിയമനവും അവർക്ക് നൽകേണ്ട വേതനവും കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിന് വിധേയമായിരിക്കേണ്ടതും ആണ്.

(2) ഓരോ ആഡിറ്റർക്കും, തന്റെ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിനായി ന്യായമായ എല്ലാ സമയത്തും ദേശീയ ക്ഷീരവികസന ബോർഡിന്റെ ബുക്കുകളും അക്കൗണ്ടുകളും മററു പ്രമാണങ്ങളും പ്രാപ്യമായിരിക്കേണ്ടതാണ്.

(3) ആഡിറ്റർമാർ അവരുടെ റിപ്പോർട്ട് ബോർഡിന് നൽകേണ്ടതും ബോർഡ് അവരുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പ് കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

29. കേന്ദ്രസർക്കാർ, 28-ാം വകുപ്പിൻകീഴിലുള്ള ആഡിറ്റർമാരുടെ റിപ്പോർട്ട്, അങ്ങനെയുള്ള റിപ്പോർട്ട് കേന്ദ്രസർക്കാരിന് ലഭിച്ചശേഷം ആകുന്നത്ര വേഗം, പാർലമെന്റിന്റെ ഇരുസഭകളുടെയും മുൻപാകെ വയ്പിക്കേണ്ടതാണ്. *റിപ്പോർട്ട് പാർലമെന്റ് മുൻപാകെ വയ്ക്കണമെന്ന്*

30. വിപരീതമായി ഏതെങ്കിലും കരാറിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന് ദേശീയ ക്ഷീരവികസന ബോർഡോ അല്ലെങ്കിൽ സംഘമോ അല്ലെങ്കിൽ വിഘടനം ചെയ്യപ്പെട്ട കമ്പനിയോ ഏതെങ്കിലും വായ്പയോ മുൻകൂറോ നൽകിയ ഏതെങ്കിലും ആളോട്,— *കരാർ ചെയ്ത കാലാവധിക്ക് മുമ്പ് പണം തിരികെ നൽകണമെന്ന് ആവശ്യപ്പെടുന്നതിനുള്ള അധികാരം*

(ക) വായ്പയ്ക്കോ മുൻകൂറിനോ ഉള്ള അപേക്ഷയിൽ വ്യാജമോ വഴിതെറ്റിക്കുന്നതോ ആയ ഏതെങ്കിലും വിവരം സാരവത്തായ വിവരങ്ങളിൽ നൽകിയിട്ടുണ്ടെന്ന് ബോർഡ് കാണുന്നപക്ഷമോ;

(ഖ) വായ്പയുടെയോ മുൻകൂറിന്റെയോ സംഗതിയിൽ അതിന്റെ കോൺട്രാക്റ്റിലെ നിബന്ധനകൾ അനുസരിക്കുന്നതിൽ അയാൾ വീഴ്ച വരുത്തുന്നപക്ഷമോ;

(ഗ) അയാൾ തന്റെ കടം വീട്ടാൻ കഴിവുള്ളവനല്ലെന്നോ അല്ലെങ്കിൽ അത് സംബന്ധിച്ച് ലിക്വിഡേഷൻ നടപടികൾ ആരംഭിക്കുമെന്നോ ന്യായമായ ആശങ്ക ഉള്ളപക്ഷമോ;

(ഘ) വായ്പയ്ക്കോ മുൻകൂറിനോ ജാമ്യമായി പണയപ്പെടുത്തിയതോ ഈടുവച്ചതോ ചൂണ്ടിപ്പണയം വച്ചതോ കൈമാറ്റം ചെയ്തതോ ആയ വസ്തു ബോർഡിന് തൃപ്തികരമായ വിധത്തിൽ അയാൾ ഇൻഷ്വർ ചെയ്യുകയും ഇൻഷ്വറൻസ് തുടരുകയും ചെയ്തിട്ടില്ലെങ്കിലോ (ബോർഡിന് തൃപ്തികരമാംവിധം കൂടുതൽ ജാമ്യം നൽകേണ്ടതാണെന്ന് ബോർഡിന് അഭിപ്രായമുള്ളത്ര മൂല്യശോഷണം സംഭവിക്കുകയും ആവശ്യപ്പെട്ടതിനുശേഷവും അങ്ങനെയുള്ള ജാമ്യം നൽകാതിരിക്കുകയും) ചെയ്യുന്നപക്ഷമോ;

(ങ) യഥാവിധിയുള്ള അനുമതി കൂടാതെ ഏതെങ്കിലും മെഷിനറിയോ പ്ലാന്റോ അല്ലെങ്കിൽ മറ്റ് ഉപകരണമോ (ജാമ്യത്തിന്റെ ഭാഗമായാലും അല്ലെങ്കിലും) ബന്ധപ്പെട്ട പരിസരങ്ങളിൽനിന്നും പകരം വയ്ക്കാതെ നീക്കം ചെയ്യുന്നപക്ഷമോ;

(ച) സാമാനങ്ങളുടെ സംഭരണമോ പദ്ധതിയുടെ നടത്തിപ്പോ സംബന്ധിച്ച വായ്പാകരാറിലെ ഏതെങ്കിലും ഉപാധി സാരമായി ലംഘിക്കപ്പെടുന്നതായി ബോർഡ് കാണുന്നപക്ഷമോ;

(ഛ) മറ്റേതെങ്കിലും കാരണത്താൽ ദേശീയ ക്ഷീരവികസന ബോർഡിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് അങ്ങനെ ചെയ്യുന്നത് ആവശ്യമാണെന്ന് ബോർഡ് കരുതുന്നപക്ഷമോ,

ലിഖിതമായ നോട്ടീസ് മുഖേന ബോർഡിലേക്കുള്ള അയാളുടെ ബാദ്ധ്യതകൾ ഉടൻതന്നെ പൂർണ്ണമായി തീർക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

*ദേശീയ ക്ഷീരവികസന ബോർഡിനാൽ തേർച്ചകൾ പ്രാവർത്തികമാക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ*

31. (1) ഏതെങ്കിലും ആൾ ഏതെങ്കിലും കരാർ ലംഘിച്ചുകൊണ്ട് ഏതെങ്കിലും വായ്പയോ മുൻകൂറോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഗഡുവോ മടക്കി കൊടുക്കുന്നതിലോ (അല്ലെങ്കിൽ ദേശീയ ക്ഷീരവികസന ബോർഡ് നൽകിയ ജാമ്യം സംബന്ധിച്ച അതിന്റെ കടപ്പാടുകൾ നിറവേറ്റുന്നതിലോ) വീഴ്ചവരുത്തുകയോ ബോർഡുമായുള്ള കരാറിലെ നിബന്ധനകൾ പാലിക്കുന്നതിൽ മറ്റുവിധത്തിൽ വീഴ്ചവരുത്തുകയോ ചെയ്യുന്നിടത്തോ അല്ലെങ്കിൽ 30-ാം വകുപ്പിൻകീഴിൽ ഏതെങ്കിലും വായ്പയോ മുൻകൂറോ ഉടനടി തിരിച്ചടയ്ക്കാൻ ഏതെങ്കിലും ആളോട് ബോർഡ് ആവശ്യപ്പെടുകയും അയാൾ അങ്ങനെ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്യുന്നിടത്തോ അപ്പോൾ വസ്തു കൈമാറ്റ ആക്റ്റ്, 1882 (1882-ലെ 4)-ന്റെ 69-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ ഈ ആവശ്യത്തിലേക്ക് സാമാന്യമോ പ്രത്യേകമോ ആയി പ്രാധികാരപ്പെടുത്തിയ ദേശീയ ക്ഷീര വികസന ബോർഡിലെ ഏതെങ്കിലും ഓഫീസർക്ക് താഴെപ്പറയുന്ന ഒന്നോ അതിലധികമോ നിവൃത്തികൾക്കുവേണ്ടി കോടതിയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്, അതായത്:—

(ക) വായ്പയ്ക്കോ മുൻകൂറിനോ ജാമ്യമായി ദേശീയ ക്ഷീര വികസന ബോർഡിന് പണയപ്പെടുത്തിയതോ ഈടു നൽകിയതോ ചൂണ്ടിപ്പണയം വച്ചതോ കൈമാറ്റം ചെയ്തതോ ആയ വസ്തു വില്ക്കുന്നതിനുള്ള ഒരു ഉത്തരവിനുവേണ്ടി; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും സംഘടനയുടെ മാനേജ്മെന്റ് ദേശീയ ക്ഷീര വികസന ബോർഡിന് കൈമാറുന്നതിനുവേണ്ടി; അല്ലെങ്കിൽ

(ഗ) സംഘടനയുടെ പരിസരങ്ങളിൽനിന്നും യഥാവിധിയുള്ള അനുമതി കൂടാതെ മെഷിനറിയോ മറ്റ് ഉപകരണമോ നീക്കം ചെയ്തുകൊണ്ടിരിക്കുന്നുവെന്ന ആശങ്ക ഉള്ളിടത്ത് ഒരു താല്ക്കാലിക ഇൻജംഗ്ഷനുവേണ്ടി.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു അപേക്ഷ നൽകുന്നതിനും അതിന്റെ തീർപ്പ് കല്പിക്കുന്നതിനുമുള്ള നടപടിക്രമം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

## അദ്ധ്യായം VII

## പലവക

*നിയമനങ്ങളിലെ ന്യൂനത ബോർഡിന്റെ കൃത്യങ്ങൾ മുതലായവയെ അസാധുവാക്കുന്നതല്ലെന്ന്*

32. ബോർഡിന്റെയോ ദേശീയ ക്ഷീരവികസന ബോർഡിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ ഏതെങ്കിലും കൃത്യമോ, നടപടിയോ, അതതു സംഗതിപോലെ, ബോർഡിലോ കമ്മിറ്റിയിലോ ഏതെങ്കിലും ഒഴിവുണ്ടെന്നോ അല്ലെങ്കിൽ അവയുടെ രൂപീകരണത്തിൽ ന്യൂനതയുണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

*ഉത്തമവിശ്വാസപൂർവ്വം ചെയ്ത കൃത്യങ്ങൾക്ക് സംരക്ഷണം*

33. ദേശീയ ക്ഷീരവികസന ബോർഡിനോ ബോർഡിന്റെ ഏതെങ്കിലും ഡയറക്ടർക്കോ ഓഫീസർക്കോ മറ്റ് ജീവനക്കാരനോ അല്ലെങ്കിൽ ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും ചുമതലകൾ നിറവേറ്റുന്നതിന് ബോർഡ് പ്രാധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആളിനോ എതിരായി, ഈ ആക്റ്റോ മറ്റേതെങ്കിലും നിയമമോ അല്ലെങ്കിൽ നിയമപ്രാബല്യമുള്ള വ്യവസ്ഥയോ

അനുസരിച്ച് ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ വഴി ഉണ്ടായതോ ഉണ്ടാകാനിടയുള്ളതോ ആയ ഏതെങ്കിലും നഷ്ടമോ നാശമോ സംബന്ധിച്ച് യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

*ഡയറക്ടർമാരുടെ ബാദ്ധ്യതാ വിമുക്തി*

34. ദേശീയ ക്ഷീരവികസന ബോർഡ്, ഓരോ ഡയറക്ടർക്കും, തന്റെ കർത്തവ്യനിർവ്വഹണം സംബന്ധിച്ച് തന്റെ മനഃപൂർവ്വമായ പ്രവൃത്തിയോ വീഴ്ചയോമൂലമുണ്ടായവയൊഴിച്ചുള്ള എല്ലാ നഷ്ടങ്ങൾക്കും ചെലവുകൾക്കും എതിരായി ബാദ്ധ്യതാ വിമുക്തി നൽകേണ്ടതാണ്.

*വിശ്വസ്തതയും രഹസ്യ പാലനവും സംബന്ധിച്ച ബാദ്ധ്യത*

35. (1) ഈ ആക്റ്റോ മറ്റേതെങ്കിലും നിയമമോ മറ്റുവിധത്തിൽ ആവശ്യപ്പെടുന്ന പോലെയല്ലാതെ, ദേശീയ ക്ഷീരവികസന ബോർഡിനെയോ സംഘത്തെയോ വിഘടനം ചെയ്യപ്പെട്ട കമ്പനിയെയോ അല്ലെങ്കിൽ അവയുടെ കാര്യാദികളെയോ സംബന്ധിച്ച് ഏതെങ്കിലും വിവരം അങ്ങനെയുള്ള വിവരം വെളിപ്പെടുത്തുന്നത്, ധനകാര്യസ്ഥാപനങ്ങളുടെയിടയിലുള്ള നിയമത്തിനും ആചാരത്തിനും വഴക്കത്തിനും അനുസൃതമോ അല്ലെങ്കിൽ ബോർഡിന് ആവശ്യമോ യുക്തമോ ആയ സാഹചര്യങ്ങളിലല്ലാതെ ബോർഡ് വെളിപ്പെടുത്താൻ പാടില്ലാത്തതാകുന്നു.

(2) ദേശീയ ക്ഷീരവികസന ബോർഡിന്റെ ഓരോ ഡയറക്ടറും കമ്മിറ്റി അംഗവും ആഡിറ്ററും ഓഫീസറും മറ്റ് ജീവനക്കാരനും തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറത്തിൽ വിശ്വസ്തതയും രഹസ്യപാലനവും സംബന്ധിച്ച് ഒരു സത്യപ്രസ്താവം നൽകേണ്ടതാണ്.

*കൂടുതൽ ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും റിക്രൂട്ട്മെന്റ്*

36. അഞ്ചാം അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ള യാതൊന്നും ദേശീയ ക്ഷീരവികസന ബോർഡിന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമെന്നോ അഭിലഷണീയമെന്നോ അത് കരുതാവുന്നത്ര കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനോ കൂടുതൽ ഓഫീസർമാരെയോ ജീവനക്കാരെയോ നിയമിക്കുന്നതിനോ ഉള്ള ദേശീയ ക്ഷീരവികസന ബോർഡിന്റെ അധികാരത്തിന് ഭംഗം വരുത്തുന്നതായി കരുതാൻ പാടില്ലാത്തതും അങ്ങനെയുള്ള ഏതെങ്കിലും ഓഫീസറെയോ മറ്റ് ജീവനക്കാരനെയോ നിയമിച്ചിട്ടുള്ളിടത്ത്, അവർക്കിടയിലുള്ള സീനിയോറിറ്റി ഉൾപ്പെടെ സേവനത്തിന്റെ നിബന്ധനകളും ഉപാധികളും ബോർഡ് തീരുമാനിക്കേണ്ടതുമാണ്.

*ലിക്വിഡേഷൻ കേന്ദ്ര സർക്കാരിന്റെ ഉത്തരവിൻകീഴിൽ മാത്രമെന്ന്*

37. കമ്പനികളെയോ കോർപ്പറേഷനുകളെയോ പരിസമാപിപ്പിക്കുന്നത് സംബന്ധിച്ച ഏതെങ്കിലും നിയമത്തിലെ യാതൊരു വ്യവസ്ഥയും ദേശീയ ക്ഷീരവികസന ബോർഡിന് ബാധകമല്ലാത്തതാകുന്നതും കേന്ദ്രസർക്കാരിന്റെ ഉത്തരവ് കൂടാതെയും അത് നിർദ്ദേശിക്കാവുന്ന രീതിയിലുമല്ലാതെ അതിനെ ലിക്വിഡേറ്റ് ചെയ്യാൻ പാടില്ലാത്തതുമാണ്.

*ചില അധികാരങ്ങളുടെ കേന്ദ്രസർക്കാരിനാലുള്ള പ്രത്യായോജനം ചെയ്യൽ*

38. (1) കേന്ദ്രസർക്കാരിന്, ദേശീയ ക്ഷീരവികസന ബോർഡിന്റെ ശിപാർശയിൻമേൽ, അപ്രകാരം ചെയ്യുന്നത് പൊതുതാല്പര്യത്തിന് ആവശ്യമെന്ന് ബോദ്ധ്യമാകുന്നപക്ഷം, ക്ഷീരവ്യവസായത്തെയും ഭക്ഷ്യവസ്തുക്കളെയും അനുബന്ധ വ്യവസായങ്ങളെയും, പ്രത്യേകിച്ച് ഉല്പാദനവും സംഭരണവും വിപണനവും കയറ്റുമതിയും ഇറക്കുമതിയും മാനകങ്ങളുടെ സംരക്ഷണവും അങ്ങനെയുള്ള മറ്റു പ്രവർത്തനങ്ങളും (സ്ഥിതിവിവരക്കണക്കുകളും ബന്ധപ്പെട്ട ആധാര വിവരങ്ങളും ശേഖരിക്കുകയും സമാഹരിക്കുകയും ചെയ്യുന്നതുൾപ്പെടെ) ക്രമപ്പെടുത്തുന്നതുവഴി ദേശീയ ക്ഷീര വിതരണ ശൃംഖലയുടെ വികസനവുമായി ബന്ധപ്പെട്ട സംഗതികളെ പരാമർശിച്ചുള്ള കേന്ദ്രസർക്കാരിന്റെ പ്രവർത്തനങ്ങളിലോ ചുമതലകളിലോ ഏതെങ്കിലും ഏറ്റെടുക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നതിന്, ദേശീയ ക്ഷീര വികസന ബോർഡിനെ പ്രാപ്തമാക്കുന്ന ഉദ്ദേശ്യത്തിന്, ഏതെങ്കിലും പദ്ധതി ഉണ്ടാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുണ്ടാക്കിയ ഓരോ പദ്ധതിയും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, ചുമത്തുന്നത് യുക്തമെന്ന് കേന്ദ്ര സർക്കാർ കരുതുന്ന നിബന്ധനകളും നിയന്ത്രണങ്ങളും പരിമിതികളും അതിൽ ഉൾപ്പെടുത്താവുന്നതുമാണ്.

*ആഡിറ്റർമാർക്കുള്ള പരിവർത്തന വ്യവസ്ഥകൾ*

39. സംഘവുമായോ വിഘടനം ചെയ്യപ്പെട്ട കമ്പനിയുമായോ ബന്ധപ്പെട്ട് നിയമിക്കപ്പെട്ട, നിശ്ചിത ദിവസത്തിനു തൊട്ടുമുമ്പ് പ്രവർത്തിച്ചിരുന്ന ഏതെങ്കിലും ആഡിറ്ററെ ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ദേശീയ ക്ഷീരവികസന ബോർഡിന്, ആവശ്യമെന്ന് കരുതാവുന്ന കാലയളവിലേക്കും നിബന്ധനകളിൻമേലും തുടരാൻ അനുവദിക്കാവുന്നതാണ്.

*ചെയർമാനെയും ബോർഡിനെയും സംബന്ധിച്ച പരിവർത്തന വ്യവസ്ഥകൾ*

40. നിശ്ചിത ദിവസത്തിനു തൊട്ടുമുമ്പ് ഉദ്യോഗം വഹിച്ചിരുന്ന സംഘത്തിന്റെ ചെയർമാൻ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു ചെയർമാനെ നാമനിർദ്ദേശം ചെയ്യുന്നതുവരെ, ദേശീയ ക്ഷീരവികസന ബോർഡിന്റെ ചെയർമാനായിരിക്കുന്നതും അദ്ദേഹത്തിന് ബോർഡിന്റെ ചുമതലകൾ ഈ ആക്റ്റിൻകീഴിൽ ബോർഡ് രൂപീകരിക്കുന്നതുവരെ, നിർവ്വഹിക്കാൻ ക്ഷമതയുണ്ടായിരിക്കുന്നതുമാണ്.

*മറ്റുള്ളവയുടെ മാനേജ്മെന്റും അവയ്ക്കുള്ള സഹായവും തുടരുമെന്ന്*

41. നിശ്ചിത ദിവസത്തിനു തൊട്ടുമുമ്പ് സംഘമോ വിഘടനം ചെയ്യപ്പെട്ട കമ്പനിയോ മറ്റേതെങ്കിലും സംഘടനയെ മാനേജ് ചെയ്യുകയോ ഏതെങ്കിലും സംഘടനയ്ക്കോ ആളിനോ ഏതെങ്കിലും സാങ്കേതിക സഹായമോ മറ്റു സഹായമോ നൽകുകയോ ചെയ്തിരുന്നിടത്ത് ദേശീയ ക്ഷീരവികസന ബോർഡ്, അതേ സേവനമോ സദൃശ സേവനമോ, ബോർഡ് യുക്തമെന്ന് കരുതാവുന്ന പരിധിവരെയും അങ്ങനെയുള്ള കാലയളവിലേക്കും അങ്ങനെയുള്ള രൂപഭേദങ്ങളോടുകൂടിയും തുടർന്നും നൽകാവുന്നതാണെന്ന് സംശയങ്ങൾ തീർക്കാനായി ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.

*മദർ ഡയറി ദേശീയ ക്ഷീരവികസന ബോർഡിന്റെ ഒരു സബ്സിഡിയറി യൂണിറ്റായിരിക്കുമെന്ന്*

42. ഡൽഹിയിലുള്ള മദർ ഡയറി എന്നറിയപ്പെടുന്ന സംരംഭം നിശ്ചിത ദിവസവും അന്നുമുതൽക്കും ദേശീയ ക്ഷീരവികസന ബോർഡിന്റെ ഒരു സബ്സിഡിയറി യൂണിറ്റായിത്തീരുന്നതും എന്നാൽ ബോർഡ് മറ്റു വിധത്തിൽ തീരുമാനിക്കുന്നതുവരെ അതിന്റെ പ്രത്യേക സ്വഭാവം നിലനിർത്തേണ്ടതുമാണ്.

*കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി കമ്പനികളുടെ രൂപവൽക്കരണം*

43. (1) ബോർഡ് അതിന്റെ ലക്ഷ്യങ്ങളേതെങ്കിലും നടപ്പാക്കുന്നതിന് അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് കരുതുന്നിടത്ത്, അതിന്, കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഒന്നോ അതിലധികമോ കമ്പനികൾ സ്വയമോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും സബ്സിഡിയറികളുമായോ മറ്റേതെങ്കിലും സംരംഭവുമായോ സംയോജിപ്പിച്ചു കൊണ്ടോ, രൂപവൽക്കരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിനനുസൃതമായി ഏതെങ്കിലും കമ്പനി രൂപവൽക്കരിച്ചിട്ടുള്ളിടത്ത്,—

(ക) ബോർഡ് സ്വയമോ അല്ലെങ്കിൽ അതിന്റെ സബ്സിഡിയറികളുമായോ ഒരു കമ്പനി രൂപവൽക്കരിച്ചിട്ടുള്ള സംഗതിയിൽ, അതിന്, അപ്രകാരം രൂപവൽക്കരിക്കപ്പെട്ട കമ്പനിക്ക് പ്രവർത്തിക്കാൻ കഴിയുമാറ് ആവശ്യമാകാവുന്ന മൂലധനം നൽകാവുന്നതും അങ്ങനെയുള്ള അതിന്റെ ആസ്തികൾ കൈമാറ്റംചെയ്തുകൊടുക്കാവുന്നതും അങ്ങനെയുള്ള സഹായം നൽകാവുന്നതും;

(ഖ) മറ്റേതൊരു സംഗതിയിലും, ഇതിലേക്ക് കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള പ്രത്യേക അംഗീകാരത്തോടുകൂടി, ബോർഡിന്, യുക്തമെന്ന് അത് കരുതാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള പരിധിവരെയും മൂലധനം നൽകുകയോ ആസ്തികൾ കൈമാറ്റം ചെയ്തുകൊടുക്കുകയോ സഹായം നൽകുകയോ ചെയ്യാവുന്നതുമാണ്.

44. ആദായ നികുതി ആക്റ്റ്, 1961 (1961-ലെ 43)-ലോ ആദായത്തിന്മേലോ ലാഭത്തിന്മേലോ ഉള്ള നികുതി സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ദേശീയ ക്ഷീരവികസന ബോർഡ് അതിനു ലഭിച്ച ആദായത്തിന്മേലോ ലാഭത്തിന്മേലോ നേട്ടത്തിന്മേലോ ആദായനികുതി നൽകുവാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതല്ല. *ആദായത്തിൻമേലുള്ള നികുതിയിൽനിന്നും ഒഴിവാക്കൽ*

45. ദേശീയ ക്ഷീരവികസന ബോർഡ് അപ്പോഴപ്പോൾ കേന്ദ്രസർക്കാർ ആവശ്യപ്പെടാവുന്ന റിട്ടേണുകൾ കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ടതാണ്. *റിട്ടേണുകൾ*

46. ദേശീയ ക്ഷീരവികസന ബോർഡിന്റെ ഓഫീസർമാരുടെയോ മറ്റ് ജീവനക്കാരുടെയോ സേവന ഉപാധികളോ അതുപോലുള്ള സംഗതികളോ സംബന്ധിച്ച് ഈ ആക്റ്റിൻകീഴിലുണ്ടാക്കുന്ന ഏതെങ്കിലും പദ്ധതിയോ റഗുലേഷനുകളോ നിശ്ചിത ദിവസത്തിന് മുൻപല്ലാത്ത ഏതെങ്കിലും തീയതി മുതൽ പൂർവ്വകാല പ്രാബല്യത്തോടെ ഉണ്ടാക്കാവുന്നതാണ്. *സേവനകാര്യങ്ങളെ സംബന്ധിച്ച് പദ്ധതികളും റഗുലേഷനുകളും പൂർവ്വകാല പ്രാബല്യത്തോടെ ഉണ്ടാക്കുവാനുള്ള അധികാരം*

47. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, കമ്പനീസ് ആക്റ്റിലോ വ്യാവസായിക തർക്കങ്ങൾ ആക്റ്റ്, 1947 (1947-ലെ 14)-ലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, അല്ലെങ്കിൽ ഈ ആക്റ്റ് അല്ലാത്ത മറ്റേതെങ്കിലും നിയമമനുസരിച്ച് പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും ഡിക്രിയിലോ, ഉത്തരവിലോ, അസംഗതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്. *ആക്ററിന് അധിപ്രഭാവമുണ്ടായിരിക്കുമെന്ന്*

48. (1) ബോർഡിന്, ഭാരത ഗസറ്റിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്ന ആവശ്യത്തിലേക്ക് വ്യവസ്ഥ ആവശ്യമോ സമീചീനമോ ആയ എല്ലാ സംഗതികൾക്കും വ്യവസ്ഥ ചെയ്യുന്നതിനായി, ഈ ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കപ്പെട്ട റഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത, റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്. *റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം*

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള റഗുലേഷനുകൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) ബോർഡ് യോഗങ്ങളിലെ ബിസിനസ്സിന്റെ നടത്തിപ്പിന് അനുവർത്തിക്കേണ്ട നടപടിക്രമവും 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു യോഗത്തിലെ കോറം തികയുന്നതിന് ആവശ്യമായ അംഗങ്ങളുടെ എണ്ണവും;

(ഖ) ദേശീയ ക്ഷീരവികസന ബോർഡിന്റെ മാനേജ്മെന്റ് കമ്മിറ്റിയിലെ, ചെയർമാനും മുഴുവൻ സമയ ഡയറക്ടറുമാരുമല്ലാത്ത, അംഗങ്ങൾക്ക് മാനേജ്മെന്റ് കമ്മിറ്റിയുടെ യോഗത്തിൽ പങ്കെടുക്കുന്നതിനോ അല്ലെങ്കിൽ ദേശീയ ക്ഷീരവികസന ബോർഡിന്റെ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഏതെങ്കിലും ജോലി നിർവ്വഹിക്കുന്നതിനും നൽകേണ്ട ബത്തകളും ആ വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ മാനേജ്മെന്റ് കമ്മിറ്റികളുടെ നടപടിക്രമങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളും;

(ഗ) 15-ാം വകുപ്പ് (ക) ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കുള്ള ഹയർഗ്രേഡ്;

(ഘ) 22-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ പരാമർശിച്ചപോലെയുള്ള ഉദ്യോഗസ്ഥൻമാരുടെയും മറ്റ് ജീവനക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ആരോഗ്യത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും മറ്റ് താല്പര്യങ്ങളുടെയും ഉന്നമനത്തിനായുള്ള നടപടികളുടെ വിശദാംശങ്ങൾ;

(ങ) 22-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ പരാമർശിച്ച നിധികൾ ഏർപ്പെടുത്തുകയോ വച്ചുപോരുകയോ ചെയ്യുന്നത് സംബന്ധിച്ച വിശദാംശങ്ങൾ;

(ച) ഏതെല്ലാം ഉപാധികൾക്ക് വിധേയമായാണ് 26-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ തുക നിക്ഷേപിക്കേണ്ടതെന്ന്;

(ഛ) 27-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ ദേശീയ ക്ഷീര വികസന ബോർഡിന്റെ ബാലൻസ് ഷീറ്റും അക്കൗണ്ടുകളും തയ്യാറാക്കേണ്ട ഫാറവും രീതിയും;

(ജ) 31-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ അപേക്ഷ നൽകുന്നതിനും ആ വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ അത് തീർപ്പാക്കുന്നതിനുമുള്ള നടപടിക്രമം;

(ഝ) ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവന ഉപാധികൾ;

(ഞ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

*വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം*

49. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ, കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവുവഴി, ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തതും വിഷമത നീക്കം ചെയ്യുന്നതിന് ആവശ്യമാണെന്ന് തോന്നുന്നതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരുത്തരവും നിശ്ചിത ദിവസം മുതൽ അഞ്ച് വർഷം കഴിഞ്ഞശേഷം പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാകുന്നു.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഓരോ ഉത്തരവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.

*പദ്ധതികളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്*

50. ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഓരോ പദ്ധതിയും റഗുലേഷനും അതുണ്ടാക്കിയശേഷം, ആകുന്നത്രവേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരുസഭകളും ആ പദ്ധതിയിലോ റഗുലേഷനിലോ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ഇരുസഭകളും ആ പദ്ധതിയോ അല്ലെങ്കിൽ റഗുലേഷനോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നപക്ഷം, അതിനുശേഷം ആ പദ്ധതിക്കോ അല്ലെങ്കിൽ റഗുലേഷനോ, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, അതതു സംഗതിപോലെ, ആ പദ്ധതിയുടെയോ അല്ലെങ്കിൽ റഗുലേഷന്റെയോ കീഴിൽ ചെയ്തിട്ടുള്ള ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കുന്നതുമാകുന്നു.

## പട്ടിക

[35 (2)-ാം വകുപ്പ് കാണുക]

### വിശ്വസ്തതയും രഹസ്യപാലനവും സംബന്ധിച്ച സത്യപ്രസ്താവം

.............................................................................................................................. ആയ ഞാൻ ദേശീയ ക്ഷീരവികസന ബോർഡിന്റെ ചെയർമാനായോ ഡയറക്ടറായോ ഏതെങ്കിലും കമ്മിറ്റിയിലെ അംഗമായോ ആഡിറ്ററായോ ഓഫീസറായോ അല്ലെങ്കിൽ മറ്റ് ജീവനക്കാരനായോ (അതതുസംഗതിപോലെ) ദേശീയ ക്ഷീര വികസന ബോർഡുമായി ബന്ധമുള്ളതും അല്ലെങ്കിൽ അതിൽ ഞാൻ വഹിക്കുന്ന സ്ഥാനവുമായോ ഉദ്യോഗവുമായോ ശരിയായ ബന്ധമുള്ളതും ഞാൻ നിറവേറ്റണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമായ ചുമതലകൾ വിശ്വസ്തതയോടും സത്യസന്ധമായും എന്റെ വൈദഗ്ദ്ധ്യത്തിന്റെയും കഴിവിന്റെയും പരമാവധിയ്ക്കൊത്ത് ഞാൻ നിർവ്വഹിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുമെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

ദേശീയ ക്ഷീരവികസന ബോർഡിന്റെ ഏതെങ്കിലും കാര്യാദികളോടോ അല്ലെങ്കിൽ ദേശീയ ക്ഷീരവികസന ബോർഡുമായി എന്തെങ്കിലും ഇടപാടുള്ള ഏതെങ്കിലും ആളിന്റെ കാര്യാദികളോടോ ബന്ധപ്പെട്ട ഏതെങ്കിലും വിവരം നിയമപ്രകാരം അതിന് അവകാശമില്ലാത്ത ഏതെങ്കിലും ആളിനെ അറിയിക്കുകയോ അറിയിക്കാൻ ഇടയാക്കുകയോ ചെയ്യുകയില്ലെന്നും അങ്ങനെയുള്ള ഏതെങ്കിലും ആളിനെ, ദേശീയ ക്ഷീരവികസന ബോർഡിന്റെയോ ദേശീയ ക്ഷീരവികസന ബോർഡിന്റെ ബിസിനസ്സുമായി ബന്ധപ്പെട്ടതോ അല്ലെങ്കിൽ ദേശീയ ക്ഷീരവികസന ബോർഡുമായി ഇടപാടുള്ളതോ ആയ ഏതെങ്കിലും ആളുടെയോ വകയായുള്ളതോ അല്ലെങ്കിൽ കൈവശത്തിലുള്ളതോ ആയ ഏതെങ്കിലും ബുക്കുകളോ രേഖകളോ പരിശോധിക്കുന്നതിനോ ലഭ്യമാക്കുന്നതിനോ അനുവദിക്കുകയില്ലെന്നുംകൂടി ഞാൻ പ്രഖ്യാപിക്കുന്നു.

# THE NATIONAL DAIRY DEVELOPMENT BOARD ACT, 1987

(Act No. 37/1987)

**ദേശീയ ക്ഷീരവികസന ബോർഡ് ആക്റ്റ്, 1987**

(1987-ലെ 37-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1. | Complementary to each other | പരസ്പര പൂരകം | Preamble |
| 2. | During the pleasure of | പ്രീതിയുള്ളിടത്തോളം കാലം | Section 9(6) |
| 3. | Recipient organisation | പ്രതിഗ്രാഹക സംഘടന | Section 16(2) (u) |
| 4. | Skimmed | കൊഴുപ്പ് നീക്കിയ | Section 3(h) (i) |